പ്രകടിപ്പിച്ച അഭിപ്രായവും ഈ സഭയിൽ പൊതുവിൽ ഇതുവരെ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടായിരിക്കും കേരള ഗവൺമെൻറിൻെറ അഭിപ്രായം പ്രകടിപ്പിക്കുക.

[Mr. Deputy Speaker in the Chair]

VIII. നിയമനിർമ്മാണകാര്യം

(i) പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നതു സംബന്ധിച്ച 1979-ലെ കേരള ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നതിനെ സംബന്ധിച്ച് 1979-ലെ കേരള ബില്ല് ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ട് ഉള്ള സ്റ്റേറ്റുമെൻറ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

Deputy Speaker: The Bill stands introduced.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): സർ, ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പ്മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ. ബേബിജോൺ: സർ, ഈ ബില്ല് സഭയിൽ അവതരിപ്പിച്ചുകൊണ്ട് വിശദമായ, ദീർഘമായ ഒരു പ്രസംഗം നടത്തണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. ഈ ബില്ല് അവതരിപ്പിക്കാൻ ഇടയായ സാഹചര്യങ്ങളും ഇന്നലെതന്നെ വിശദമായി സംസാരിച്ചിട്ടുണ്ട്; മറ്റൊരു ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ. ഋണാശ്വാസബില്ലിൽ വരുത്തിയ ഭേദഗതി—പാട്ടക്കുടിശ്ശികയെ സംബന്ധിച്ച്—കടം എന്നുള്ള നിർവ്വചനത്തിൽ കൊണ്ടുവരികയും അവർക്ക് ആശ്വാസം ലഭിക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂവായിരം രൂപയിൽ കൂടുതൽ വരുമാനമുള്ള ആളുകൾക്ക്, അവരുടെ പാട്ടക്കുടിശ്ശികയെ സംബന്ധിച്ച് നിയമപരമായിത്തന്നെ ആശ്വാസം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. സഭയുടെ എല്ലാ ഭാഗത്തുനിന്നും, എല്ലാ കർഷകസംഘങ്ങളും സംഘടനകളും ഈ ആവശ്യം ഉന്നയിച്ച് പ്രക്ഷോഭണംവരെ നടത്തിയിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഇത് ഒരു ആവശ്യമാണെന്ന് കരുതി, നിയമപ്രകാരംതന്നെ തവണകളായി ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണം കൊണ്ടുവന്നത്. ചിലത്, കുടിശ്ശികമൂലം കോർട്ട് ഡിക്രി വരുകയും അവരുടെ ഭൂമികളും നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെ ഭൂമി വീണ്ടെടുക്കാനുള്ള അവസരംകൂടിയാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. സാധാരണ കർഷകർക്ക് അങ്ങനെ നഷ്ടപ്പെട്ട ഭൂമി, പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കാൻ സാധിക്കുമെങ്കിൽ തിരിയെ കിട്ടാൻ സാധിക്കുന്ന വ്യവസ്ഥ ഇപ്പോൾ ഈ ബില്ലിൽ ഉണ്ട്. അങ്ങനെ ഇന്നലത്തേതിനെത്തുടർന്ന് എല്ലാ വിഭാഗം കർഷകർക്കും ഒരു രീതിയിൽ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു രീതിയിൽ, നാം ആഗ്രഹിക്കുന്ന രീതിയിൽ, പൂർണ്ണമായ രീതിയിൽ, പാട്ടബാക്കി മുഴുവനും എഴുതിത്തള്ളണമെന്നുണ്ടെങ്കിലും ഇപ്പോഴത് സാദ്ധ്യമല്ല. മറിച്ച് അവർക്ക് സാവകാശം കൊടുക്കണം, അവർക്ക് സൗകര്യം നൽകണം, അവരുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കണം, ആ ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിന്റെ വിശദാംശങ്ങളെക്കുറിച്ച് ഇപ്പോഴത് ചർച്ച ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോഴത്, ആവശ്യമാണെങ്കിൽ പറയാം. ഇതിൽ പറയുന്ന ഗഡുക്കളെ സംബന്ധിച്ച് തീരെ കുറഞ്ഞു പോയി എന്നുള്ള അഭിപ്രായം വന്നിട്ടുണ്ട്. ഗവൺമെന്റ് അത് കണക്കിലെടുത്തിട്ടുണ്ട്. ഗവൺമെന്റുതന്നെ ഒരു ഭേദഗതി ആ കാര്യത്തിന് അവതരിപ്പിക്കാൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. എട്ടു ഗഡുക്കളായി അടയ്ക്കാൻ വ്യവസ്ഥചെയ്യുന്നതാണ് ആ ഭേദഗതി. ആ ഭേദഗതി കണക്കിലെടുത്തുകൊണ്ട്, ഇതിനെസംബന്ധിച്ച് ദീർഘമായ വാദപ്രതിവാദം നടത്താതെ ചർച്ച അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. യോജിക്കാൻ കഴിയാതെവരുന്നത് തവണ വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യത്തിൽ മാത്രമായിരിക്കും. ഇത്രത്തോളമെങ്കിലും ആശ്വാസം നൽകുന്ന ഒരു ബില്ലാണ് ഇതെന്നുള്ളത് കണക്കിലെടുത്തുകൊണ്ടും ഇതിന്റെ പരിമിതികളും കണക്കിലെടുത്തുകൊണ്ടും ഈ ബില്ല് ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Sri N. I. Devassykutty: Sir, I move that the Kerala Payment of Arrears of Rent in Instalments Bill, 1979 be circulated for eliciting public opinion till 31st January 1980.

ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ചെയ്യേണ്ട പ്രസംഗത്തിന്റെ പ്രധാന ഭാഗങ്ങളും ബഹുമാനപ്പെട്ട മന്ത്രി ഇന്നലെതന്നെ ഈ സഭയിൽ ചെയ്തു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഒരു ആവർത്തനം ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ചെയ്തു. അതുകൊണ്ട് ഈ ഭാഗത്തുനിന്നും ഇന്നലെ പറഞ്ഞ ഒരു പ്രധാനകാര്യം ആവർത്തിക്കാതെ നിവൃത്തിയില്ലായെന്നായി. ഈ ബില്ലിൽ പറയുന്ന കാര്യങ്ങളോട് എതിർപ്പുണ്ടായിട്ടല്ല. ഇതിന് ഒരു ശാശ്വതപരിഹാരം എന്നുള്ള നിലയിൽ ചെയ്യാൻ സാധിക്കുകയില്ലായെന്ന് മന്ത്രി പറഞ്ഞു. പാട്ടക്കുടിശ്ശിക എന്നുള്ള ഈ മാരണം എന്നന്നേക്കുമായി, പരിപൂർണ്ണമായി റദ്ദാക്കാത്തിടത്തോളംകാലം ഈ മന്ത്രിയും ഇതിന് ശേഷം വരുന്ന മന്ത്രിമാരുമൊക്കെ ഇതുപോലുള്ള അനേകം ബില്ലുകളും കൊണ്ടുവരേണ്ടതായിട്ട് വരുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതിനുള്ള ശാശ്വതമായ പരിഹാരത്തിൽനിന്ന് ബഹുമാനപ്പെട്ട മന്ത്രി ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. അതിന്റെ കാരണം എന്തായാലും ശരി, ഇത്തരം സമയം അനുവദിക്കലുകളും ഒഴിപ്പിക്കലുകളുമൊക്കെ ശാശ്വതമായി അവസാനിപ്പിക്കണമെങ്കിൽ ഈ പാട്ടബാക്കി എന്ന കാലഹരണപ്പെട്ട ആശയം പരിപൂർണ്ണമായി റദ്ദാക്കണം. അതല്ലാതെ, ഇപ്പോഴത് മന്ത്രി പറയുന്ന കാര്യങ്ങളത് തൽക്കാലശാന്തി മാത്രമായിരിക്കുമെന്ന് ഞാൻ ആമുഖമായി പറയുകയാണ്. ഈ പാട്ടബാക്കി തവണകളായി അടയ്ക്കുന്നതിന് ഇതിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അതിന് കാരണം പറഞ്ഞിട്ടുള്ളത് ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാതെ വന്നതുകൊണ്ട് വളരെയധികം കുടിശ്ശികയായി, പല കേസുകളും വിധിനടത്തി, അങ്ങനെ കർഷകരുടെ കൈവശാവകാശഭൂമി നഷ്ടപ്പെടുന്നു, അത് വീണ്ടെടുക്കുന്നതിന്, ഗഡുക്കളായി അടച്ചുതീർക്കുന്നതിന് സാവകാശം കൊടുക്കേണ്ടത് ആവശ്യമാണ് എന്നാണ്. അതുപോലെ കൈവശമായ ഭൂമി വീണ്ടെടുക്കേണ്ടതും ആവശ്യമാണെന്ന് പറഞ്ഞു. അതിനുവേണ്ടിയാണ് ഇതുകൊണ്ടുവന്നിട്ടുള്ളതെന്ന് പറയുന്നത് മുഴുവനും

LIBRARY ARCHIVES Kerala Legislative Assembly

സ്വീകാര്യംതന്നെ. എന്നാൽ ഗഡുക്കളെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഭേദഗതി നോട്ടീസ് ആർക്കും ഇതുവരെ ലഭിച്ചിട്ടില്ല. എന്തായാലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് അങ്ങനെ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. ബേബിജോൺ: ഞാൻ ഇങ്ങനെയൊരു ഭേദഗതിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങനെ നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിൽ ആ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കണം. അല്ലാതെ ബില്ല് അവതരിപ്പിച്ചുകൊണ്ട് ഞാൻ അങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്നത് നമ്മുടെ നടപടി ചട്ടങ്ങൾക്ക് വിരുദ്ധവും, നിഷിദ്ധവും, അനുചിതവുമായിപ്പോയി എന്ന് ഞാൻ പറയുകയാണ്. ഇതേസംബന്ധിച്ച് എനിക്ക് പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കാൻ അവകാശമുണ്ട്. ക്രമവിരുദ്ധമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്, ഭാവിയിലെങ്കിലും ഇത് ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഉപദേശരൂപേണ പറയുകയാണ്. എന്തായാലും ബഹുമാനപ്പെട്ട മന്ത്രി നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ഞങ്ങൾക്കത് കിട്ടിയിട്ടില്ല.

[10 a.m.] എന്തായാലും നാലു തുല്യ ഗഡുക്കളായി അടയ്ക്കണമെന്നാണ് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്. എന്നുമാത്രമല്ല അതു പലിശയടക്കം അടയ്ക്കണം. മന്ത്രി പറയുന്നു തവണ വർദ്ധിപ്പിക്കാൻ തയ്യാറാണ് എന്ന്. ഇതിൽ പറയുന്നത് മുമ്മൂന്നു മാസം കൂടുമ്പോഴും ഒരിക്കൽ നാലു തുല്യ തവണയായിട്ട് പലിശയടക്കം അടയ്ക്കണമെന്നാണ്. അതുകൊണ്ട് തവണ ഈ ബില്ലിൽ പറഞ്ഞിട്ടുള്ള പ്രകാരമാണെങ്കിൽ തവണ നീട്ടിക്കൊടുക്കുന്നത് ഒരു ആനുകൂല്യമായി കണക്കാക്കാൻ നിവർത്തിയില്ല. അതുകൊണ്ട് മന്ത്രി ഇപ്പോഴും പറയുന്നു, ഈ ബിൽ അവതരിപ്പിക്കുന്നതിനു നോട്ടീസ് കൊടുത്തതിനുശേഷം പല പരാതികളും പല നിവേദനങ്ങളും മന്ത്രിക്ക് സ്വകാര്യമായി കിട്ടിയെന്നും അതുകൊണ്ട് തവണ വർദ്ധിപ്പിക്കുന്നുവെന്നുമാണ്. എന്നാൽ ഈ ബിൽ സഭയിൽ കൊണ്ടുവന്നതിനുശേഷം മെമ്പർമാരുടെ അഭിപ്രായം അറിഞ്ഞിട്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു തീരുമാനത്തിൽ എത്തേണ്ടതായിരുന്നു ശരിയായ നടപടിക്രമം.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒരു കാര്യം മനസ്സിലാക്കണം. ഇന്നലെ ഈ സഭയിൽത്തന്നെ പല അംഗങ്ങളും ഇന്നു അവതരിപ്പിക്കാനുള്ള ബില്ലിനെ സംബന്ധിച്ച് ഒരു ഭാഗമായി പറഞ്ഞു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അല്ലാതെ രഹസ്യ നിവേദനമൊന്നും കിട്ടിയിട്ടല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങനെ ഒരു ഭാഗമായി പറഞ്ഞാലും ഈ ബിൽ അവതരിപ്പിക്കാത്ത കാലത്തോളം ഈ ബില്ലിലെ വ്യവസ്ഥകളെക്കുറിച്ച് മുൻകൂട്ടി ആൻറിസിപ്പേറ്റു ചെയ്തുകൊണ്ട് ചർച്ച നടത്തുന്നത് നടപടി ചട്ടപ്രകാരം നിഷിദ്ധമാണ്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, എ പോയിന്റ് ഓഫ് ആർഡർ. ബില്ലിന്റെ ഒന്നാം വായനയിൽ ഭേദഗതികളെ സംബന്ധിച്ച് ഇത്ര സവിസ്തരം ഒരംഗം സംസാരിക്കുന്നത് ശരിയാണോ? ഈ ബില്ലിന്

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി എഴുതിക്കൊടുത്ത മെമ്പർമാർ ഈ സഭയിലുണ്ട്. അതു വിതരണം ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ ഒരു മെമ്പർ ബില്ലിന്റെ ഒന്നാംവായന സമയത്ത് ഭേദഗതികളെ സംബന്ധിച്ച് ഇത്ര വ്യക്തമായി ചർച്ച ചെയ്യുന്നത് ആർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിന്റെ ഒന്നാംവായനയിൽ ബില്ലിന്റെ തത്വത്തിൽ ഒതുങ്ങിനിന്നുകൊണ്ടാണ് സംസാരിക്കേണ്ടത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇത്രയും പ്രായമായ പരിചയവും പഴക്കവും പാരമ്പര്യവുമുള്ള ഒരു മെമ്പർ അറിവില്ലായ്മയോടെ പെരുമാറുന്നതിൽ ഖേദമുണ്ട്. ഈ ബില്ലിന്റെ പ്രാഥമികമായ തത്വം തവണ അടക്കുന്നതിനുള്ള സൗകര്യമാണ്. അതുകൊണ്ട് ആ സൗകര്യത്തെ സംബന്ധിച്ച് പറയുന്നത് ബില്ലിന്റെ തത്വത്തെക്കുറിച്ച് പറയുന്നതാണ്. അതിന് ആരെങ്കിലും ഭേദഗതി കൊടുത്തിട്ടുണ്ടെങ്കിൽ അവർക്ക് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാം.

ഏതായാലും ഈ ബില്ലിൽ പറയുന്നത് നാലു തുല്യ തവണകളായി അടക്കണമെന്നാണ്. ഇപ്പോഴ മന്ത്രി പറയുന്നു എട്ടു തുല്യ തവണകളായി അടക്കാനുള്ള ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്ന്. എന്താണ് എട്ടു ക്വാർട്ടർലി പേയ്മെന്റ് നടത്താൻ അനുവദിക്കണമെന്നുള്ളതിന് ആധികാരികമായി മന്ത്രി എടുത്തിട്ടുള്ള സമീപനമെന്നു മനസ്സിലാകുന്നില്ല. മൂന്നുമാസം കൂടുമ്പോഴ നാലുതവണവീതം അടക്കാനുള്ള വ്യവസ്ഥയാണ് ആദ്യം ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുമുൻപുണ്ടായിട്ടുള്ള ഏതെങ്കിലും നിയമങ്ങളേയോ ഇതിനുമുൻപ് കർഷകർക്ക് തവണകഴ അനുവദിച്ചിട്ടുള്ള വ്യവസ്ഥകളെയോ ആധാരമാക്കിയാണോ ഇങ്ങനെ എട്ടു തുല്യ തവണകളാക്കാമെന്ന നിലപാട് മന്ത്രി എടുത്തിട്ടുള്ളതെന്നു അറിഞ്ഞുകൂടാ. നാലു തവണയായാലും എട്ടു തവണയായാലും മുമ്മൂന്നുമാസം കൂടുമ്പോഴ അടയ്ക്കുക എന്നുള്ളത് വളരെ അപ്രായോഗികമാണ് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പല കർഷക കടാശ്വാസ നിയമങ്ങളിലും അതേസംബന്ധിച്ചുള്ള വ്യവസ്ഥകഴ ഉണ്ടായിരുന്നു. കേരള അഗ്രിക്കൾച്ചറിലിസ്റ്റ് ഡെബ്റ്റ് റിലീഫ് ആക്ട്, 1970, അതാണ് കേരളത്തിൽ അടുത്ത കാലത്ത് കർഷകർക്ക് ഉണ്ടായിട്ടുള്ള വാട്ടക്കുടിശ്ശിക പോലുള്ള കടങ്ങഴ അടച്ചുവീട്ടുന്നതിന് സാവകാശം നൽകിയിട്ടുള്ള സുപ്രധാനമായ നിയമനിർമ്മാണം. ആ നിയമനിർമ്മാണത്തിൽ സെക്ഷൻ 4-ലെ എക്സ്പ്ലനേഷനിൽ പറയുന്നത് Payment of debt in instalments: Notwithstanding anything contained in any law or contract or in any decree or order of court, but subject to the provisions of sub-section (5), an agriculturist may discharge his debts in the manner specified in sub-sections (2) and (3).

(2) If any debt is repaid in seventeen equal half-yearly instalments together with interest at the rate specified in section 5 on the principal outstanding at the time of each payment, the whole debt shall be deemed to be discharged എന്നാണ്. കേരള നിയമസഭ ഇതിനുമുൻപ് പാസ്സാക്കിയെടുത്തിട്ടുള്ള കേരള അഗ്രികൾച്ചറിസ്റ്റ് ഡെബ്റ്റ് റിലീഫ് ആക്ട്, 1970-ലെ നാലാമത്തെ വകുപ്പിൽ ഇങ്ങനെ വ്യക്തമായ സൗകര്യങ്ങഴ കൃഷിക്കാർക്ക് കൊടുത്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ഭേദഗതി അവതരിപ്പിക്കുമ്പോഴ മന്ത്രി അതു നോക്കേണ്ടതായിരുന്നു. അതു നോക്കാതെ വെറുതെ നാലു തവണയെന്നു ആദ്യം പറഞ്ഞു, പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

പലരും പറഞ്ഞപ്പോഴും എട്ടു തവണയായി നിശ്ചയിച്ചത് ഒരു ശാസ്ത്രീയാടിസ്ഥാനത്തെ ആധാരമാക്കിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് നിർദ്ദേശിക്കാനുള്ളത് കർഷകർ അടയ്ക്കാനുള്ള തവണ അർദ്ധവാർഷിക തവണകളായിരിക്കണമെന്നാണ്. മുൻപുള്ള എല്ലാ കാർഷിക കടാശ്വാസനിയമങ്ങളിലും അംഗീകരിച്ചിട്ടുള്ള തത്വം അതാണ്. കർഷകർക്ക് മൂന്നുമാസത്തിലൊരിക്കൽ അടക്കാനുള്ള പണം ഉണ്ടാകുകയില്ല. വലിയ പണക്കാരും വൻകിട കച്ചവടക്കാരും സമ്പന്നൻമാരും അവർ കൃഷിക്കാരാണെങ്കിൽ ഒരുപക്ഷേ അവർക്ക് അതിനുള്ള സൗകര്യമുണ്ടാകും. മുമ്മൂന്നുമാസം കൂടുമ്പോഴും പണം അടക്കാൻ ഇവിടത്തെ കൃഷിക്കാർക്ക് എങ്ങനെ സാധിക്കും? അതിന് സൗകര്യമുള്ള കൃഷിക്കാർ കേരളത്തിൽ വളരെ വളരെ വിരളമാണ്. അതുകൊണ്ടാണ് ഈ നിയമസഭയും ഇതിനു മുമ്പുള്ള നിയമസഭകളുമൊക്കെ ഋണാശ്വാസനിയമം പാസ്സാക്കുമ്പോഴും അർദ്ധവാർഷിക ഗഡുക്കളും വേണമെന്നുള്ള തത്വം അംഗീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് 1970-ൽ അന്നത്തെ നിയമസഭയിൽ കാർഷിക കടാശ്വാസനിയമം അവതരിപ്പിച്ചപ്പോഴും നാലാം വകുപ്പിൽ ഗഡുക്കളും എന്തായാലും അർദ്ധവാർഷിക ഗഡുക്കളും വേണമെന്ന് തീരുമാനിച്ചത്. കേരളത്തിലെ കൃഷിയുടേയും കൃഷിക്കാരുടെ വരുമാനത്തേയും അവർക്ക് കടം മടക്കി അടയ്ക്കാനുള്ള കഴിവിനേയും ആധാരമാക്കിയാണ് 1970-ലെ നിയമത്തിൽ 17 തുല്യ അർദ്ധ വാർഷിക ഗഡുക്കളായി അടയ്ക്കാനുള്ള സൗകര്യം കൊടുത്തത്. ഇത് അടിസ്ഥാനപരമായ കാര്യമാണ്. ഇതു നോക്കാതെ കർഷകർക്ക് തവണ അടയ്ക്കാൻ വളരെ സൗകര്യം ചെയ്തുകൊടുത്തു, കർഷകർക്ക് ആശ്വാസം ചെയ്തുകൊടുത്തു എന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. അതുകൊണ്ട് കേരളത്തിൽ യഥാർത്ഥത്തിൽ കൃഷിക്കാർക്ക്, പാട്ടക്കുടിശ്ശികയുള്ള കൃഷിക്കാർക്ക് ഗുണം കിട്ടണമെങ്കിൽ ഈ തവണ അർദ്ധവാർഷികഗഡുക്കളായിരിക്കണം. അത് 17 തുല്യഗഡുക്കളായി അടയ്ക്കുന്നതിനുള്ള സൗകര്യംകൂടി ഉണ്ടാകണം.

അതുപോലെതന്നെ ഋണാശ്വാസനിയമത്തിലെ ഒരു പ്രധാന കാര്യമാണ് കടം പലിശസഹിതം അടയ്ക്കണമെന്നുള്ളത്. പലിശസഹിതം അടയ്ക്കണമെന്നു പറഞ്ഞിട്ടുള്ളതിന്റെ പരിണിതഫലം എന്താണെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശരിയായി വിലയിരുത്തിയിട്ടുണ്ടോ എന്നു സംശയമാണ്. പാട്ടക്കുടിശ്ശികയുടെ കാര്യം പറയുകയാണെങ്കിൽ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അവകാശം ഈ ആക്ടിൽ പറയുന്നുണ്ട്. സെക്ഷൻ 3-ൽ എക്സ്പ്ലനേഷനിൽ പറയുന്നു, For the purposes of this sub-section, arrears of rent accrued due from a tenant before the 1st day of May, 1968, shall be deemed to be the amount which his landlord is entitled to recover from him under section 73 of the Kerala Land Reforms Act, 1963 (1 of 1964) എന്ന്. അതിന്റെ അർത്ഥം പാട്ടക്കുടിശ്ശിക പിരിക്കുന്നത്, 1968 മുതൽ ഉണ്ടായിട്ടുള്ള പാട്ടക്കുടിശ്ശികയാണ് എന്നുവച്ചാൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നൽകാൻ പോകുന്ന ആശ്വാസത്തെക്കുറിച്ച് നോക്കുമ്പോഴും 1968 മുതൽ 11 കൊല്ലക്കാലത്തെ പലിശകൂടി കൂട്ടുകയാണെങ്കിൽ പാട്ടക്കുടിശ്ശികയിൽ നല്ലൊരു സംഖ്യ പലിശയായിമാത്രം കൊടുക്കേണ്ടിവരും. അങ്ങനെ വരുന്നത് ന്യായമാണോ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. ഒരു കർഷകന് അടക്കാനുള്ള പാട്ടക്കുടിശ്ശികസംഖ്യയോളംതന്നെ വരുന്ന ഒരുപക്ഷെ അതിനേക്കാളും കൂടുതൽ വരുന്ന സംഖ്യ 11 വർഷത്തെ പലിശയുംകൂടി ചേർത്തു വേണം തവണകളും അടയ്ക്കാനുള്ളതെന്ന നിബന്ധന വളരെയധികം ക്രൂരമാണ്. 11 കൊല്ലത്തെ കുടിശ്ശിക തീർച്ചയായും പാട്ടക്കുടിശ്ശികയേക്കാളും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായിവരും. അതുകൊണ്ട് തീർച്ചയായും ഈ പലിശ നിശ്ശേഷം റദ്ദുചെയ്യണമെന്നാണ് എന്റെ അഭിപ്രായം. പാട്ടക്കുടിശിക അടച്ചു തീർക്കുന്നതിനുള്ള സാമ്പത്തിക കഴിവ് കർഷകർക്കില്ല. അതുകൊണ്ട് പാട്ടക്കുടിശിക പലിശയടക്കം അടച്ചുതീർക്കണമെന്നുള്ളത് പലിശയില്ലാതെ അടച്ചുതീർക്കണമെന്നാക്കണമെന്നാണ് എന്റെ അഭിപ്രായം. പലിശയില്ലാതെ അടച്ചുതീർക്കണമെന്നും അതുപോലെ 17 ഈകമ്പൽ അർദ്ധവാർഷിക തവണകളായി എന്നു മാറ്റുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും പാട്ടക്കാർക്ക് എന്തെങ്കിലും ആശ്വാസം കിട്ടും. അതല്ലാതെ 11 കൊല്ലത്തെ പലിശയും അടയ്ക്കണം, തവണയും ഇല്ല, കാർഷിക ഋണാശ്വാസ നിയമത്തിൽ അനുവദിച്ചിട്ടുള്ള തവണപോലും ഇല്ല എന്നു പറയുകയാണെങ്കിൽ ഒരാനുകൂല്യവും കുടിശികക്കാരായ പാട്ടക്കാരന് കിട്ടുകയില്ല എന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ ഒരു പ്രധാന വകുപ്പ് ഇതിലുള്ളത് ആറാംവകുപ്പിൽ ഒരു പൊതുതത്വമുണ്ട്. അതിൽ പറയുന്നത് നേരത്തെ മന്ത്രി നാലു തവണകളായി മൂന്നുമാസം കൂടുമ്പോഴും എന്നു പറയുകയും പിന്നീട് എട്ടു തവണ മൂന്നുമാസം കൂടുമ്പോഴും എന്നു പറയുകയും ചെയ്യുന്നുണ്ട്. ഇതിൽ ഏതെങ്കിലും ഒരുതവണ മുടക്കം വരുത്തുകയാണെങ്കിൽ കടക്കാരന് ഈ ബില്ലുപ്രകാരമുള്ള ഒരാനുകൂല്യത്തിനും അർഹതയില്ലെന്നും പറഞ്ഞിട്ടുണ്ട്. ഒരു നിയമത്തിലും ഇത്ര ക്രൂരമായിട്ട് എഴുതിച്ചേർക്കാറില്ലെങ്കിലും തവണ അടച്ചില്ലെങ്കിൽ ആനുകൂല്യം നഷ്ടമാകും. Any tenant who fails to pay any instalment as provided in sub-section (2) of section 3 on or before the due date shall not be entitled to any benefit conferred by this Act എന്നു പറഞ്ഞിട്ടുണ്ട്. അപ്പോഴും ഒരുതവണ മുടക്കിയിട്ടുണ്ടെങ്കിൽ ഈ സംഖ്യ മുഴുവനും തിരിച്ചെടുക്കാൻ ജൻമിക്ക് അധികാരം കിട്ടും. അതുമാത്രമല്ല കോടതിവിധിപ്രകാരം ഭൂമി ഒഴിപ്പിക്കപ്പെട്ട് കൈവശാവകാശം നഷ്ടപ്പെടുന്ന കൃഷിക്കാരന് അഞ്ചാംവകുപ്പുപ്രകാരം ഭൂമി വീണ്ടെടുക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ട കുടിയാന് ആ ഭൂമി വീണ്ടെടുക്കുന്നതിന് ഈ ബില്ലിൽ വച്ചിട്ടുള്ള ആനുകൂല്യംപോലും ഒരുതവണ മുടക്കം വരുത്തിയാൽ ആ കർഷകന് കിട്ടുകയില്ല. മന്ത്രി പറയുന്ന എട്ടു തവണയോ നാലുതവണയോ ഞാൻ പറയുന്ന പതിനേഴുതവണയോ ഏത് അംഗീകരിച്ചാലും അതിൽ ഒരുതവണ മുടക്കം വരുത്തിയാൽ ഈ ബില്ലിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുമെന്നു പറയുന്നതിന് എന്തു നീതീകരണമാണുള്ളത്. പ്രധാനമായിട്ടും ഇതിൽ തവണകളായി അടയ്ക്കാനുള്ള അധികാരമുണ്ട്. രണ്ടു്, കർഷകനെതിരായ കോടതി നടപടികളം നിറുത്തിവയ്ക്കുന്നതിനുള്ള അവകാശം മൂന്ന്, കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഭൂമി നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കുന്നതിനുള്ള അവകാശം. ഈ ബില്ലുപ്രകാരം ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ മൂന്നവകാശങ്ങളും തവണയിൽ ഏതെങ്കിലും ഒരുതവണ വീഴ്ചവരുത്തിയാൽ നഷ്ടപ്പെട്ടുപോകുമെന്ന് സ്റ്റാറ്റ്യൂട്ടിൽ എഴുതിവച്ചിട്ടുള്ളത് അതിക്രൂരമായ ഒരു നടപടിയാണ്.

ശ്രീ. ബേബിജോൺ: എങ്ങനെ മാറ്റം വരുത്തണമെന്നാണ്. തവണ അടച്ചില്ലെങ്കിൽ ഒരു നടപടിയുമില്ല, അതിനെപ്പറ്റി ഒരു സൂചനയും വേണ്ട എന്നാണോ മെമ്പർ പറയുന്നത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മൂന്ന് ഇൻസ്റ്റാൾമെന്റിലും വീഴ്ചവരുത്തുകയാണെങ്കിൽമാത്രം, അല്ലെങ്കിൽ മന്ത്രി പറയുന്ന മുഴുവൻ ഇൻസ്റ്റാൾമെന്റിന്റെയും അവധിവരെയെങ്കിലും കൃഷിക്കാരന് സാവ

LIBRARY ARCHIVES Kerala Legislative Assembly

കാശം കൊടുക്കണം. നമ്മുടെ നീതിന്യായ കോടതികളൊക്കെ പിൻതിരിപ്പനാണെന്നു പറയാറുണ്ടെങ്കിലും പാവപ്പെട്ട കുടിയാൻമാർ കോടതിയിൽ ചെന്നു കഴിഞ്ഞാൽ ഗവൺമെൻറിൻറെ നിയമമൊന്നുമില്ലാതെ ദയ തോന്നിയിട്ട് മുൻസിഫും മറ്റും ആനുകൂല്യം കൊടുക്കാറുണ്ട്. അങ്ങനെ പാവപ്പെട്ട കർഷകന് കോടതിയിൽ പോയാൽ കിട്ടുന്ന ദയപോലും ബഹുമാനപ്പെട്ട മന്ത്രി എടുത്തുകളയുന്നത് അതിക്രൂരമായ നടപടിയാണെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് കർഷകനെ എത്ര തവണകളായി ഒടയ്ക്കാൻ അനുവദിക്കുന്നോ ആ പീരിയഡുവരെയെങ്കിലും ഭൂമി ഒഴിപ്പിക്കപ്പെടാതിരിക്കുന്നതിനും അവകാശം നഷ്ടപ്പെടാതിരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരണം. അദ്ദേഹം നോട്ടീസ് നൽകിയിട്ടില്ലെങ്കിലും ഓറൽ അമൻറുമെൻറായിട്ടെങ്കിലും കൊണ്ടുവരണം. ഇല്ലെങ്കിൽ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മൂന്നാനുകൂല്യവും കടക്കാരനായ കൃഷിക്കാരന് നഷ്ടപ്പെടും. അതുകൊണ്ട് ഈ ബില്ലിലെ വീഴ്ചകളെ ബോധപൂർവ്വമല്ലെങ്കിലും അതൊരു വീഴ്ചയായിട്ടു കണക്കാക്കി ബഹുമാനപ്പെട്ട മന്ത്രി ന്യായമായ ഒരു ഭേദഗതി വരുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. Nothing contained in this Act shall apply in respect of arrears of rent due from a tenant who is a debtor as defined in clause (4) of section 2 of the Kerala Debt Relief Act, 1977 എന്ന് ഇന്നലെ ഭേദഗതി വരുത്തിയ ബില്ലിൽ പറയുന്നുണ്ട്. ആ ബിൽ പ്രകാരമുള്ള ഡെറ്റർ ആണെങ്കിലും ആ ഡെറ്റർക്ക് ഈ പറഞ്ഞ ഒരു ആനുകൂല്യത്തിനും അവകാശമില്ല എന്ന നിലയ്ക്കാണ്. അത് കറേ കടന്നകൈ അല്ലേ എന്ന് ബഹുമാനപ്പെട്ട മന്ത്രി ശാന്തമായി ചിന്തിക്കണം. ഡെറ്റർ എന്നതിൻറെ നിർവ്വചനം ഞാൻ വായിക്കാം. ഈ നിയമത്തിൽ ഡെറ്റർ എന്നതിൻറെ നിർവ്വചനം സെക്ഷൻ 3 സബ് സെക്ഷൻ (4) ഇന്നലെ പാസാക്കിയിട്ടുള്ള നിയമത്തെ ബാധിക്കുന്ന വകുപ്പാണ്. "debtor" means any person whose annual income does not exceed three thousand rupees, from whom any debt is due. ഇതാണ് ഡെറ്റർ എന്നുള്ളതിൻറെ ഡെഫനിഷൻ. മൂവായിരം ഉറുപ്പികയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള ആളാണെങ്കിൽ ഡെറ്ററാണ്. എന്നാൽ ആ മനുഷ്യനു പാട്ടബാക്കി 3,500 ഉറുപ്പിക വന്നാൽ അയാളും ഈ ആക്ടുപ്രകാരം ഡെറ്ററാണെങ്കിലും അയാൾക്ക് ഡെറ്റർ എന്ന നിലയ്ക്ക് ഇന്നലെ പാസാക്കിയ ബില്ലിലുള്ള ആനുകൂല്യം കിട്ടുകയില്ല. അതുമാത്രമല്ല ഇന്നു പാസാക്കാൻ പോകുന്ന നിയമത്തിലേയും ആനുകൂല്യം കിട്ടുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതൊന്നു ശരിയായി പഠിക്കണം. മനുഷ്യനെ ദ്രോഹിക്കാൻവേണ്ടി മനഃപൂർവ്വം ഉണ്ടാക്കിയ വകുപ്പാണ്, ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഇന്നലെ പറഞ്ഞു വാചകത്തിലൊന്നും ഇല്ലെന്ന്. അതുപോലെ റവന്യൂമന്ത്രിയും പറയുകയാണെങ്കിൽ ഞാനൊന്നും പറയുന്നില്ല. അതുപോലെതന്നെ സെക്ഷൻ 8-ൽ nothing contained in this Act shall apply in respect of arrears of rent due from a tenant who is a debtor as defined in clause (4) of section 2 of the Kerala Debt Relief Act, 1977 എന്നു പറയുന്നുണ്ട്. മൂവായിരം ഉറുപ്പിക വാർഷിക വരുമാനമുള്ള ഒരാൾ ഡെറ്ററായി. എന്നാൽ അയാൾക്ക് 3,500 ഉറുപ്പിക പാട്ടബാക്കിയുണ്ടെങ്കിൽ അയാൾക്ക് ഈ ബില്ലിലെ ആനുകൂല്യങ്ങളും ഇന്നലെ പാസാക്കിയ ബില്ലിലെ ആനുകൂല്യങ്ങളും കിട്ടുകയില്ല. ഇങ്ങനെ അവിടെയും ഇവിടെയുമില്ലാത്ത ഒരു സ്ഥിതിയാണ്.

ശ്രീ. ബേബിജോൺ: ഇന്നലെ പാസാക്കിയ നിയമത്തിൽ വാർഷിക വരുമാനം മൂവായിരം ഉറുപ്പികയും മൊത്തം കടം മൂവായിരം ഉറുപ്പികയും ഉള്ളവർക്കുമാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. അല്ലാത്തവർക്ക് ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് വാർഷികവരുമാനം മൂവായിരത്തിൽ താഴെയും കടം മൂവായിരത്തിൽ കൂടുതലും ആയാൽ ഈ നിയമത്തിന്റെ പ്രയോജനം കിട്ടുകയില്ലെന്നാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: വകുപ്പിലുള്ള ദോഷമാണ്. മനഃപൂർവ്വം ആണെന്നു ഞാൻ പറയുന്നില്ല. ഏതായാലും എട്ടാംവകുപ്പനുസരിച്ച് ഇന്നലെ പാസാക്കിയ നിയമത്തിന്റെ ആനുകൂല്യവും ഇന്നു പാസാക്കുന്ന നിയമത്തിന്റെ ആനുകൂല്യവും പാവപ്പെട്ട കർഷകന് നഷ്ടപ്പെടും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ചുരുങ്ങിയ സമയംകൊണ്ട് ആലോചിച്ച് ഇതിൽ പറ്റിയിട്ടുള്ള അബദ്ധം തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയുള്ള കർഷകന് എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നു. തവണകളായി അടയ്ക്കാനുള്ള ആനുകൂല്യം നഷ്ടപ്പെടുന്നു. 3,500 രൂപ കുടിശികയുള്ള കൃഷിക്കാരൻ 3,000 രൂപ വരുമാനക്കാരനായിപ്പോയി എന്നുള്ളതുകൊണ്ട് തവണകളായി അടയ്ക്കാനുള്ള ആനുകൂല്യം നഷ്ടപ്പെടുന്നു. കോടതി നടപടികളിൽനിന്നും സ്റ്റേ കിട്ടാനുള്ള ആനുകൂല്യം നഷ്ടപ്പെടുന്നു. ഒഴിപ്പിക്കപ്പെട്ട ഭൂമി തിരിയെ വീണ്ടെടുക്കുവാനുള്ള അവകാശവും ഈ 8-ാം വകുപ്പുപ്രകാരം നഷ്ടപ്പെടുന്നു. അങ്ങനെയുള്ള ഗതികേട് കൃഷിക്കാരനു വരുത്തുന്ന ഈ ബിൽ കടക്കാരായ പാട്ടക്കൃഷിക്കാർക്ക് ഗുണം ചെയ്യുന്നതാണെന്നു മന്ത്രി പുരപ്പുറത്തുകയറിനിന്നു പറഞ്ഞാലും അതു വിശ്വസിക്കുവാൻ പ്രയാസമാണ്. ഇതുകൊണ്ട് ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സ്വാഗതം ചെയ്യുന്നു. അതേസമയം ഇതിലും അപാകതയും തെറ്റുകളും പാകപ്പിഴകളും ധാരാളം കടന്നുകൂടിയിട്ടുള്ളതുകൊണ്ട് ഗവൺമെന്റ് നൽകാനുദ്ദേശിച്ച പരിമിതമായ ആനുകൂല്യം പലർക്കും നഷ്ടപ്പെടുമെന്ന അപകടമുള്ളതുകൊണ്ട് അവസാന സമയത്തെങ്കിലും വേണ്ടതായ മാറ്റം ബഹുമാനപ്പെട്ട മന്ത്രി വരുത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri R. Sundaresan Nair: Sir, I move that the Kerala Payment of Arrears of Rent in Instalments Bill, 1979 be referred to a Select Committee. ഇന്നലെ പാസാക്കിയ ബില്ലിന്റെ തുടർച്ചയായാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മൂവായിരം രൂപയ്ക്കു താഴെ വരുമാനമുള്ള കൃഷിക്കാർക്ക് അവരുടെ 11 വർഷത്തെ പാട്ടക്കുടിശിക മൂവായിരം രൂപയ്ക്കു താഴെ മാത്രമാണെങ്കിൽ ആ പാട്ടക്കുടിശിക എഴുതിതള്ളാനുള്ള നിയമമാണ് ഇന്നലെ പാസാക്കിയത്. പക്ഷേ ആ ആനുകൂല്യം ലഭിക്കാത്ത കൃഷിക്കാർക്ക്, വരുമാനം മൂവായിരം രൂപയ്ക്ക് മുകളിലുള്ള കൃഷിക്കാർക്കുള്ള പാട്ടക്കുടിശിക തവണകളായി അടയ്ക്കാനുള്ള ആനുകൂല്യമാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽക്കൂടി കൃഷിക്കാർക്ക് ലഭിക്കുന്നത്. പക്ഷേ അവരുടെ തിരിച്ചടയ്ക്കാനുള്ള തുക മൂവായിരത്തിൽ കൂടുതലാണെങ്കിൽ അതിന്റെ പ്രയോജനം അവർക്കു ലഭിക്കാതെവരും. അതുപോലെതന്നെ വരുമാനം 3050 രൂപയായാൽ മൂവായിരത്തിൽനിന്നും ഒരു രൂപ കൂടിയാൽ അയാളുടെ കടം എത്രതന്നെ വലിയ തുകയായാലും മുഴുവൻ അടയ്ക്കേണ്ട ബാധ്യത അവർക്കു വരികയാണ്. അത് 4 തവണകളായി അടയ്ക്കാനുള്ള അനുവാദമാണ് ഈ ബില്ലിൽ നൽകുന്നതെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ അതു 8 തവണകളായി മാറിയിട്ടുണ്ട്. 8 തവണകളാണെങ്കിൽതന്നെ 11 വർഷത്തെ കുടിശികയും അതിന്റെ പലിശയും കൂടി വരുന്ന ഒരു വമ്പിച്ച തുക മൂന്നുമാസത്തിലൊരിക്കലുള്ള തവണകളായി അടയ്ക്കാൻ 3,001 രൂപ വരുമാനമുള്ള പാവപ്പെട്ട കൃഷിക്കാരനു അത്ര എളുപ്പമുള്ള കാര്യമായിരിക്കുകയില്ല. ഒരു തവണ കുടിശികയായാൽ ഈ നിയമം അനുസരിച്ച് അയാൾക്കു ലഭിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന വകുപ്പും ഈ നിയമത്തിലുണ്ട്. കൃഷിക്കാരനു ആനുകൂല്യം കൊടുക്കാൻവേണ്ടി നിയമനിർമ്മാണം ചെയ്യുമ്പോൾ അതിന്റെ പ്രയോജനം എല്ലാ കൃഷിക്കാർക്കും ശരിക്കു ലഭിക്കത്തക്ക രീതിയിൽ ആവശ്യമായ വകുപ്പുകൾ ഉൾക്കൊള്ളിക്കുവാൻ സാധാരണ സർക്കാർ ശ്രദ്ധിക്കാറില്ല. അറിഞ്ഞോ അറിയാതെയോ ആ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന വകുപ്പും ഇതിനകത്തു കടന്നുകൂടിയിരിക്കുന്നു. അതിന്റെ ദോഷം കൃഷിക്കാർക്കു ഉണ്ടാകാത്തരീതിയിൽ ഈ നിയമത്തിൽ വേണ്ട മാറ്റം ഉൾക്കൊള്ളിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ സെക്ഷൻ 6 എടുത്തുകളയണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: സർ, കേരളാ പെയ്മെന്റ് ഓഫ് അഗ്രിയേഴ്സ് ഓഫ് റെന്റ് ഇൻ ഇൻസ്ട്രുമെന്റ്സ് ബിൽ 1979 സംബന്ധിച്ച്, പൊതുവിൽ ഇതിന്റെ ഉള്ളടക്കത്തെസംബന്ധിച്ച് വിമർശനങ്ങളുണ്ടായി എങ്കിലും ഇതിന്റെ പൊതുസ്വഭാവത്തോട് യോജിക്കുകയാണ്. ഇന്നലെ പാസാക്കിയ ഡെട്ട് റിലീഫ് ബില്ലിന്റെ അനന്തര ഘട്ടമാണ് ഈ ബിൽ. മൂവായിരം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മൂവായിരം രൂപ വരുന്ന കടം 1977-ലെ കടാശ്വാസനിയമത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമഭേദഗതി നമ്മൾ പാസാക്കുകയുണ്ടായി. ആ സമയത്തും ഞങ്ങൾ ഉന്നയിച്ച മുഖ്യമായ ചില പ്രശ്നങ്ങളുണ്ട്. ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കേണ്ടവരായിട്ടുള്ള മഹാഭൂരിപക്ഷം വരുന്ന പാട്ടക്കുടിശികക്കാർക്കു ഇന്നലത്തെ നിയമത്തിന്റെ ആനുകൂല്യം കാര്യമായി ലഭിക്കാനില്ല. ബഹുമാനപ്പെട്ട മന്ത്രി വളരെ വിദഗ്ധമായി സമർത്ഥമായി 25 ലക്ഷം പാട്ടക്കൃഷിക്കാർക്കു 20 ലക്ഷം ഏക്കർ ഭൂമിയാണുള്ളതെന്നും അങ്ങനെയാണെങ്കിൽ ഏതാണ്ട് ശരാശരി 75 സെൻറാണ് ഒരാൾക്കെന്നും ആ 75 സെൻറുവച്ചു കണക്കാക്കുകയാണെങ്കിൽ മൂവായിരത്തിൽതാഴെ വാർഷിക വരുമാനവും മൂവായിരത്തിൽ താഴെ പാട്ടക്കുടിശികയും മാത്രമേ വരാനിടയുള്ളു എന്നും അതുകൊണ്ട് ഈ നിയമത്തിന്റെ ആനുകൂല്യം ഒരു വലിയ ശതമാനം ജനങ്ങൾക്കു കിട്ടുമെന്നും സ്ഥാപിക്കുവാൻ ശ്രമിച്ചു. അതിന്റെ വിശദമായ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ 1977-ൽ പാസാക്കിയ നിയമത്തിന്റെ ആനുകൂല്യം എത്രപേർക്കു ലഭിച്ചിട്ടുണ്ടെന്ന ചോദ്യം ഞാൻ ഇന്നലെയും ചോദിച്ചു. കടാശ്വാസനിയമത്തിന്റെ ആനുകൂല്യം ലഭിച്ച ആളുകളുടെ ജില്ലതിരിച്ചോ സംസ്ഥാനാടിസ്ഥാനത്തിലോ ഉള്ള കണക്ക് ഗവൺമെൻറിന്റെ പക്കലുണ്ടോ എന്നുള്ളത് മുഖ്യമായ ഒരു വിഷയമാണ്. നാം ഇക്കാര്യങ്ങളെല്ലാം ഏൽപിക്കുന്നത് കൃഷിക്കാരന്റെ താൽപര്യത്തിനു വല്ലപ്പോഴുമെങ്കിലും മുൻഗണന കൊടുക്കുകയും 95 ശതമാനവും സ്ഥാപിത താൽപര്യക്കാരുടെ ഉപകരണമായി പ്രവർത്തിക്കുകയും ചെയ്യുന്ന എക്സിക്യൂട്ടീവ് മെഷിനറിയെയാണ്. അതുകൊണ്ടാണ് ഞാൻ ഇന്നലെ പറഞ്ഞത് ലാൻഡ് ട്രിബ്യൂണലുകൾ വഴിയും താലൂക്ക് ലാൻഡ് ബോർഡുകൾ വഴിയും കേരളത്തിലെ കൈവശകൃഷിക്കാരെ വഴിയാധാരമാക്കുന്ന ഒട്ടനവധി നടപടികൾ നടന്നിട്ടുണ്ടെന്ന്. ഏതാണ്ട് ഇന്നലെ പാസാക്കിയ ആ നിയമത്തിന്റെ സ്വഭാവം പരിശോധിച്ചാലും ഇതിൽനിന്നും വ്യത്യസ്തമല്ല. ഇന്നു കൊണ്ടുവന്നിരിക്കുന്ന നിയമത്തെസംബന്ധിച്ചിടത്തോളവും വലിയ മാറ്റമില്ലെന്നാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇതിൽ 4 കാർട്ടർലി ഇൻസ്ട്രുമെന്റ് എന്നുവച്ചാൽ 10 വർഷമായി നിലവിലുള്ള മൂവായിരം രൂപയുടെ മേലുള്ള പാട്ടക്കുടിശികയും അതിന്റെ പലിശയും എല്ലാംകൂടിയുള്ള ഒരു കൃഷിക്കാരൻ ഒരു ഇടത്തരം കൃഷിക്കാരനാണെങ്കിൽതന്നെയും ഒരു വർഷംകൊണ്ട് കഴിഞ്ഞ 10 വർഷമായുള്ള കൂടി

LIBRARY ARCHIVES Kerala Legislative Assembly

ശികയും അതിന്റെ പലിശയും 4 തുല്യഗഡുക്കളായി അടയ്ക്കാൻ പ്രയാസമാണ്. അതിപ്പോഴും ബഹുമാനപ്പെട്ട മന്ത്രി 8 തവണകളും എന്നു പറഞ്ഞു. 8 തുല്യഗഡുക്കളെന്നുപറഞ്ഞാൽ 2 വർഷംകൊണ്ട് എന്നുമാത്രമേ അതിന് അർത്ഥമുള്ളു. ഇത് ഭേദഗതി ചെയ്യണമെന്നുള്ളതാണ് മുഖ്യമായ ഡിമാൻറ്. കാർട്ടർലി എന്നുള്ളത് ഇയർലി എന്നാക്കേണ്ടതാണ്. ചുരുങ്ങിയത് ഹാഫ് ഇയർലി എന്നെങ്കിലും ആക്കണം. ഞാൻ ഇന്നലെ പറഞ്ഞതുപോലെ പാട്ടം എന്നുള്ളത് ഫ്യൂഡൽ സമ്പ്രദായമാണ്. അടിസ്ഥാനപരമായി അതിനോട് എനിക്ക് എതിർപ്പുണ്ട്. മന്ത്രിക്കും എതിർപ്പുണ്ടാകാം. നാടുവാഴിത്വത്തിനെതിരായി ചിന്തിക്കുന്ന ആർക്കും അത് അംഗീകരിക്കാൻ കഴിയുകയില്ല. പണം കൊടുത്തു തിരിച്ചുവാങ്ങിക്കുന്ന ഉത്തമർണ്ണന്റെ സ്വഭാവത്തിൽ അതു കാണാൻ പാടില്ല. അതു പാട്ടമായി അംഗീകരിച്ചുകൊണ്ട് അന്നത്തെ ജീവിക്കാനുള്ള മാർഗ്ഗമായിരുന്നു എന്നും അത് അന്നു ലഭിക്കാത്തതുകൊണ്ട്, അത് അന്നു വാങ്ങിയ കടമല്ലാത്തതുകൊണ്ട് അവശേഷിക്കുന്നു എന്നും വേണമെങ്കിൽ വാദിച്ചേക്കാം. അതു തെറ്റാണ്. അങ്ങനെയല്ല. അതുകൊണ്ട് ഈ പലിശയും മുതലുംകൂടി ചേർന്ന സംഖ്യ വാർഷിക ഇൻസ്റ്റാൾമെൻറാക്കി മാറ്റണം. അതല്ലെങ്കിൽ അർദ്ധവാർഷിക ഗഡുക്കളെങ്കിലും ആക്കി എട്ടോ പത്തോ ഇൻസ്റ്റാൾമെൻറാക്കി നാലുവർഷംകൊണ്ട് പത്തുവർഷത്തെ പലിശയും പഴയ മുതലുംകൂടി അടയ്ക്കാനുള്ള സാവകാശം കൊടുക്കണം. ഈ മുതലും പലിശയും കിട്ടാത്തതുകൊണ്ട് കേരളത്തിലെ ഒരൊറ്റ ഭൂവുടമയ്ക്കും എന്തെങ്കിലും ക്ഷീണം സംഭവിച്ചതായിയാതൊരു സ്ഥിതിവിവരക്കണക്കിലും വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ചില പത്രങ്ങളും ജൻമിത്തത്തെ വാഴ്ത്തുന്ന നാടുവാഴിത്തത്തിന് കുഴലൂത്തുനടത്തുന്ന ചില ആളുകളും അല്ലാതെ ഈ ജൻമിമാരുടെ വേതാളം ചുമക്കാൻ തയ്യാറാകുമെന്നു കരുതുന്നില്ല. അതുകൊണ്ട് എട്ടു വാർഷിക ഇൻസ്റ്റാൾമെൻറ് എന്നുള്ളത് ഏറ്റവും ആവശ്യമാണ്. അതല്ലെങ്കിൽ അർദ്ധവാർഷിക ഇൻസ്റ്റാൾമെൻറുകൾ ആക്കണമെന്നുള്ളതാണ് ഈ കടത്തെ സംബന്ധിച്ചിടത്തോളം എനിക്കു നിർദ്ദേശിക്കാനുള്ളത്.

മറ്റൊരു പൊതുവായ പ്രശ്നം പറയാനുള്ളത് കുടിശിക കാരണം കോടതിനടപടിപ്രകാരം നഷ്ടപ്പെട്ടുപോയ ഭൂമി വീണ്ടെടുക്കാനുള്ള നടപടിക്രമമാണ്. ആ നടപടിക്രമത്തിൽ അപകടകരമായ പലതുമുണ്ട്. ഉദാഹരണത്തിന് ഇംപ്രൂവ്മെൻറിന്റെ കാര്യം. വിലയ്ക്കു വിൽപ്പിച്ച ഭൂമിയിൽ ഇംപ്രൂവ്മെൻറിനു കോമ്പൻസേഷൻ കൊടുക്കണം. എത്രവേണമെങ്കിലും ആക്കാൻ പറ്റുന്ന, വലിച്ചുനീട്ടാൻ കഴിയുന്ന, യഥാർത്ഥത്തിൽ കൃഷിക്കാരനു നഷ്ടപ്പെട്ടുപോയിട്ടുള്ള ഭൂമിയുടെ വിലതന്നെ കൊടുത്താലേ അത് നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതു തിരിച്ചുകിട്ടാൻ ഇടയുള്ളു എന്നുള്ളതാണ് ഇതുകൊണ്ട് ഉണ്ടാകുന്നത്. ഇവിടെ കൊണ്ടുവരാൻ പോകുന്ന ലാൻറ് റിഫോംസിൽ—കൊണ്ടുവരാൻ സാധിക്കാതെ പോകട്ടെ—അതിലെ ഒരു ഭേദഗതിതന്നെ ആരുടേയോ, വ്യക്തിപരമായ താൽപര്യത്തിനുവേണ്ടിയാണെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ ഇത്തരത്തിലുള്ള ചില കാര്യങ്ങൾ എടുത്തു പരിശോധിച്ചാൽ ഈ കാമ്പൻസേഷൻ എന്നു പറയുന്നത്, ഇംപ്രൂവ്മെൻറിനു കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്ന സെക്ഷൻ (5) സബ് സെക്ഷൻ 2, 3, 4 ഇതൊക്കെ അപകടം പിടിച്ചതാണ്. ഒഴിപ്പിക്കപ്പെട്ട ഭൂമി തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ല; ഇംപ്രൂവ്മെൻറിന്റെ കാര്യം പറഞ്ഞു, ഭൂമിയുടെ വിലതന്നെ വാങ്ങാൻ കഴിഞ്ഞുഎന്നുവരും. അതുകൊണ്ട് അത് ഒഴിവാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇംപ്രൂവ്മെൻറിന്റെ പേരിലുള്ള കോമ്പൻസേഷൻ എന്നുള്ള ക്ലോസ് ഇതിൽ ഉണ്ടാകാൻ പാടില്ല. ഉണ്ടാകുകയാണെങ്കിൽ യഥാർത്ഥത്തിൽ ഭൂമി നഷ്ടപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: മറ്റൊരാളാണ് അത് ലേലത്തിൽ പിടിച്ചതെങ്കിലുള്ള സ്ഥിതി എന്താണ്?

ശ്രീ. പി. പി. എസ്തോസ്: മറ്റൊരാളാണ് ലേലത്തിൽ പിടിച്ചതെങ്കിൽ ഇമ്പ്രൂവ്മെന്റിനെ സംബന്ധിച്ചിടത്തോളം അയാളിൽനിന്ന് ഒഴിപ്പിച്ചെടുക്കുമ്പോൾ അയാൾക്ക് ന്യായമായ കാമ്പൻസേഷൻ കിട്ടാൻ അർഹതയുണ്ടെന്ന് ഫണ്ടമെന്റൽ റൈറ്റിന്റെ പേരിൽ അവകാശപ്പെടാം. ഈ പ്രത്യേക കേസിൽ അത്തരം ഒരു ക്ലോസ് വരുന്നത് മറ്റൊരാളെ സംബന്ധിച്ചാണെങ്കിലും–ജൻമിക്കാണെങ്കിൽ ഇതില്ലെന്നു ചേർത്തിട്ടില്ല–അപ്പോൾ മറ്റൊരാളെ സംബന്ധിച്ചാണെങ്കിലും ജൻമിയെ സംബന്ധിച്ചാണെങ്കിലും വേർതിരിച്ച് ചേർക്കാത്തിടത്തോളം വലിയ പ്രശ്നങ്ങളുണ്ടാകും. ഭൂമി തിരിച്ചു കിട്ടാൻ സാദ്ധ്യതയില്ലാതാകും.

അതുപോലെതന്നെ ആനുകൂല്യം നഷ്ടപ്പെടുമെന്ന് പറയുന്നു. ഒരു തവണ മുടങ്ങിയാൽ എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടും. ഒരു ദിവസം നഷ്ടപ്പെട്ടാലും ശരി പത്തു ദിവസം നഷ്ടപ്പെട്ടാലും ശരി എല്ലാ ആനുകൂല്യവും കൃഷിക്കാരന് നഷ്ടപ്പെടുന്നത് ഏറ്റവും ദ്രോഹം ചെയ്യുന്ന ഒരു വകുപ്പായിരിക്കും അത്. അത് സാധാരണ ഗതിയിൽ അങ്ങനെ എഴുതി ചേർക്കണമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്ന് വളരെ ഗൗരവപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ഒന്ന് എഴുതി ചേർക്കുന്നതിന്റെ ഫലമായിട്ട് നമ്മുടെ നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു തവണ അവന്റെ കൃഷി നഷ്ടപ്പെട്ടാൽ, സൊസൈറ്റിയിൽനിന്നും കടം സമയത്തിന് കിട്ടാതെ വന്നാൽ, അങ്ങനെ പല കാരണങ്ങളാലും ഒരു തവണ അടയ്ക്കാൻ സാധിക്കാതെ വന്നാൽ ജൻമി പെട്ടെന്ന് കോടതിയെ അഭിമുഖീകരിക്കുകയും കൃഷിക്കാരന്റെ ആനുകൂല്യം നഷ്ടപ്പെടുത്തുകയും ചെയ്യും. ജൻമിത്തം അവസാനിപ്പിക്കുക എന്ന അടിസ്ഥാനതത്വത്തിൽ നിന്നുകൊണ്ട് കൃഷിക്കാരനെ സഹായിക്കുക എന്ന പുരോഗമനപരമായ ചിന്താഗതിയാണ് ഉള്ളതെങ്കിൽ ഒരു കൃഷിപ്പിഴ വഴിയോ മറ്റു കാരണങ്ങളാലോ കൃഷിക്കാരന് ഗഡുവ് അടയ്ക്കാനുള്ള സാഹചര്യം നഷ്ടപ്പെട്ടാൽ അവന് മറ്റെല്ലാം നഷ്ടപ്പെടുമെന്ന സ്ഥിതിയിലേയ്ക്ക് അവനെ തള്ളിനീക്കരുത് എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെയുള്ള പ്രധാനപ്പെട്ട തകരാറുകൾ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ബില്ല് കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. അത്തരത്തിൽ പുരോഗമനപരമായ ഒരു ബില്ലാക്കി ഇതിനെ മാറ്റണം. കാരണം, ഇടത്തരക്കാരുടേയോ ധനികകൃഷിക്കാരുടേയോ പ്രശ്നമായിട്ട് ജീവിക്കാൻ വേണ്ടി കൊടുത്തിരുന്ന സംഖ്യ എന്ന നിലയിൽ കാണാതെ നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ജൻമിത്വത്തിനെതിരായിട്ടുള്ള പുരോഗമനപരമായ നടപടി എന്ന നിലയിൽ ഇതിനെ കാണാനും കൃഷിക്കാരന് ആശ്വാസം നൽകാനും കഴിയണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിന്റെ പൊതുവിൽ അനുകൂലിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്ക് ആശ്വാസം പകർന്നുകൊടുക്കുന്ന ഒരു നിയമമാണ് ഇന്ന് ചർച്ചയ്ക്ക് വന്നിരിക്കുന്നത്. വളരെക്കാലമായി എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതുപോലെതന്നെ അവരുടെ കാർഷിക സംഘടനകളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംഗതിക്ക് ഇന്ന് നിയമപ്രാബല്യം കൊടുക്കുകയാണ്. തവണകളും

LIBRARY ARCHIVES Kerala Legislative Assembly

മറ്റും തർക്കവിഷയമാണ്. മന്ത്രിതന്നെ അത് അൽപം ഉയർത്താൻ പോകുന്നതായി പറഞ്ഞു. എന്തായാലും ഞാൻ അതിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല.

എന്തായാലും പാട്ടക്കുടിശികയുടെ പേരിൽ ഇന്ന് ബുദ്ധിമുട്ടുകയും അനുഭവിക്കുന്ന ആളുകൾക്ക് ഈ നിയമം വളരെയേറെ ആശ്വാസം പകർന്നുകൊടുക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ചും മലബാർ പ്രദേശത്തെ ആയിരക്കണക്കിന് ആളുകൾക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കും. സർ, ഇത് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു. ഇങ്ങനെ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നും ആ നിലയിലുള്ള ആശ്വാസം പകർന്നു കൊടുക്കണമെന്നും ഉള്ള ആവശ്യങ്ങൾ പല സന്ദർഭങ്ങളിലും ഉന്നയിച്ചിട്ടുണ്ട്. ഇങ്ങനെ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾക്ക് ഇന്ന് ഇവിടെ നിയമപ്രാബല്യം കൊടുക്കാൻ ഗവൺമെൻറ് തയ്യാറായിട്ടുമുണ്ട്. സർ, വളരെ വർഷങ്ങളായി, നീണ്ട വർഷങ്ങളായി ഇതിനുവേണ്ടിയുള്ള സമരങ്ങൾ നടന്നിട്ടുണ്ട്.

19–ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽതന്നെ ഈ ആവശ്യം അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള അടങ്ങാനാവാത്ത ആവശ്യവുമായി ജനങ്ങൾ രംഗത്തിറങ്ങിയതാണ്. പ്രത്യേകിച്ച് മലബാർ മേഖലയിലുള്ള ആളുകളാണ് ഇതുകൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത്. കർഷകജനതയ്ക്ക് ആശ്വാസം കൊടുക്കുക എന്നുള്ളതാണ് നാം പ്രധാനമായും ഇതുകൊണ്ടുദ്ദേശിക്കുന്നത്. കർഷകമേഖലയിലുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗൗരവപൂർവ്വം കണക്കിലെടുത്ത് ഈ ഗവൺമെൻറ് അതിനുവേണ്ടി പല കാര്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളത് നാം മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. നെൽക്കൃഷി നടത്തുന്ന ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വർണ്ണിക്കാനാകാത്തതാണ്. പ്രത്യേകിച്ച് നെൽക്കൃഷിക്കാരായ കുട്ടനാടൻ പ്രദേശങ്ങളിലേയും പാലക്കാട് തൃശ്ശൂർ പ്രദേശങ്ങളിലേയും ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഇന്ന് കൊടുത്തിരിക്കുന്ന ഇൻസ്റ്റാൾമെൻറ്സിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നാലു തവണകളായി അടയ്ക്കാമെന്നാണ്. അതും അർദ്ധവാർഷികതവണകളാക്കണമെന്ന് പറഞ്ഞിരിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് അതാണ്. ഇന്ന് കർഷകരുൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതുകൊണ്ട് അനുവപ്പെടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയൊന്നുമല്ല. കുടിശ്ശികയുടെ കാര്യത്തിൽ ഒരാശ്വാസം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുന്നതോടൊപ്പംതന്നെ കാർഷികമേഖലയിലെ ബുദ്ധിമുട്ടുകളിൽകൂടി ഒന്ന് കണ്ണോടിക്കേണ്ടതുണ്ട്. ക്ലാസ് 8–ൽ പറഞ്ഞിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഇവിടെ പരാമർശിച്ചു. അദ്ദേഹത്തിന്റെ ആശങ്ക എത്രമാത്രം അടിസ്ഥാനമുള്ളതാണെന്നെനിക്കറിഞ്ഞുകൂടാ, അദ്ദേഹം പറഞ്ഞത് ഇന്ന് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലെ ക്ലാസ് 8 അനുസരിച്ച് ഡെറ്റർ എന്നുള്ള നിർവ്വചനത്തിൽപ്പെടുന്ന ആളുകൾക്ക് ഈ ആക്ട് സപ്പൈ ചെയ്യുകയില്ല എന്നാണ്. നാം പാസാക്കിയ ഇണാശ്വാസബില്ലിൽ ഡെറ്റിനെക്കുറിച്ച് ഡിഫൈൻ ചെയ്യുന്നുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി നോക്കുമ്പോൾ ഒരു കാരണവശാലും ഇന്ന് പാസാക്കുന്ന നിയമംകൊണ്ട് ആ വിഭാഗം ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല. ഡെറ്റെക്കുറിച്ച് ഡിഫൈൻ ചെയ്തിരിക്കുന്നത് "debtor" means any person whose annual income does not exceed three thousand rupees, from whom any debt is due, but does not include–any person from whom debt or debts exceeding three thousand rupees (excluding interest) is or are due. എന്നാണ് ആ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോഴും ഡെറ്റെ ഇതിൽനിന്നൊഴിവാക്കിയിരിക്കുന്നു എന്നു പറയുന്നതുകൊണ്ടു് ഋണാശ്വാസനിയമത്തിൽ കൊടുത്തിരിക്കുന്ന ആനുകൂല്യം നിഷേധിക്കപ്പെടുന്നില്ല. പിന്നെ ഇതിൽ വരാൻ സാദ്ധ്യതയുള്ള മറ്റൊരു ബുദ്ധിമുട്ടു് 1977–നു് മുൻപു് സെയിൽ നടക്കുകയും കൺഫേം ചെയ്യുകയും ചെയ്തതാണെങ്കിൽ റെസ്ട്രിക്ഷനിൽ ഉണ്ടാകുന്നതാണു്. അതിൽ എന്തു ചെയ്യാൻ സാധിക്കുമെന്നുള്ളതു് ചിന്തിക്കേണ്ടതാണു്. മറിച്ചു് ക്ലാസു് 8-ൽ പറയുന്ന, അദ്ദേഹം ചൂണ്ടിക്കാണിച്ച ബുദ്ധിമുട്ടു് ഉണ്ടാകുകയില്ലെന്നാണെന്റെ അഭിപ്രായം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അഭിപ്രായം പറഞ്ഞാൽ മാത്രം പോരാ. ഉണ്ടാകുകയില്ല എന്നു പറയുന്നതിന്റെ കാരണം എന്താണെന്നുകൂടി പറയണം.

ശ്രീ. ടി. എം. ജേക്കബ്: കാരണം ഞാൻ പറഞ്ഞല്ലോ. ക്ലാസു് 8–ൽ പറഞ്ഞിരിക്കുന്നതു് Nothing contained in this Act shall apply in respect of arrears of rent due from a tenant who is a debtor as defined in clause (4) of section 2 of the Kerala Debt Relief Act, 1977 (17 of 1977) എന്നാണു്. അവകാശം നിഷേധിക്കപ്പെടുന്നില്ല എന്നാണു് ഞാൻ പറഞ്ഞതു്. കാരണം, മൂവായിരം രൂപാവരെ കടമുള്ള ആളുകളും, മൂവായിരം രൂപ വരുമാനമുള്ള ആളുകളും, മൂവായിരം രൂപയിൽ കൂടുതൽ കടമില്ലാത്ത ആളുകളും ഇങ്ങനെയുള്ളവരെയാണു് ഡെറ്റർ എന്നു് ഡിഫൈൻ ചെയ്തിരിക്കുന്നതു്. ആ അടിസ്ഥാനത്തിൽ ക്ലാസു് 8-ൽ പറയുന്ന ആനുകൂല്യം ഡെറ്റർക്കു് കിട്ടാതെ വരുന്നില്ല. പക്ഷേ, പ്രായോഗിക വൈഷമ്യം ഉണ്ടാകാൻ സാദ്ധ്യതയുള്ളതു്.....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മനസ്സിലാകാത്തതുകൊണ്ടാണു് ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ പറയുന്നതു്. ഇന്നലെ പാസാക്കിയ നിയമത്തിലെ ആനുകൂല്യം നഷ്ടപ്പെടുകയല്ല ചെയ്യുന്നതു്. അദ്ദേഹം ഡെറ്റർ ആണു്. അദ്ദേഹത്തിന്റെ ഡെറ്റ്, അതിൽപ്പറയുന്ന ഡെറ്റിന്റെ നിർവ്വചനത്തിനുള്ളിൽ വരികയാണെങ്കിലും ഇന്നലെ പാസാക്കിയ നിയമത്തിൽ ഡെറ്റ് അല്ലാതിരിക്കുകയാണെങ്കിലുമാണു് ഈ കുഴപ്പങ്ങളും വരുന്നതു്. അതുകൊണ്ടു് അരിയേഴ്സ് ഓഫ് റെന്റ് എന്നുള്ളതിനു പകരം which is a debt under the Act എന്നുകൂടി പറഞ്ഞിരുന്നെങ്കിൽ ഇതു് മനസ്സിലാക്കാമായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: റിസർവേഷന്റെ പ്രശ്നത്തിൽ ശ്രീമാൻ ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ച പ്രായോഗിക വൈഷമ്യമുണ്ടു്. പക്ഷേ ക്ലാസു് 8–ൽ.. ..

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അവിടെയല്ല കുഴപ്പം. അരിയേഴ്സ് ഓഫ് റെന്റ് എന്നുള്ളതു് ഉപയോഗിക്കാൻ പാടില്ലാത്തതായിരുന്നു. അരിയേഴ്സ് ഓഫ് റെന്റ് ഇന്നലെ പാസാക്കിയ നിയമത്തിൽ ഡെറ്റ് ആണെങ്കിലും ഡെറ്റർ ആ നിയമത്തിൽ ഡെറ്ററാണെങ്കിലും അതിനു് ഇതു് ബാധകമാണെന്നു് പറഞ്ഞിരുന്നെങ്കിൽ കുഴപ്പങ്ങളും ഉണ്ടാകുമായിരുന്നില്ല. ഒരുഭാഗം മാത്രം പറയുകയും മറുഭാഗം പറയാതിരിക്കുകയും ചെയ്യുന്നതുകൊണ്ടു് അയാളും മൂവായിരം രൂപയിൽ താഴെ വരുമാനമുള്ള ഡെറ്റർ ആകുകയും അയാളുടെ ഡെറ്റ് ഇന്നലത്തെ നിയമത്തിലെ ഡെറ്റ് അല്ലാതിരിക്കുകയും ചെയ്യുമ്പോഴും ഈ ആക്ടനുസരിച്ചുള്ള ആനുകൂല്യം നഷ്ടപ്പെടുമെന്നുള്ളതു് നിയമത്തിന്റെ പ്രാഥമിക കാര്യങ്ങളും അറിയാവുന്ന എല്ലാവർക്കുമറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: 1977-നു മുൻപു സെയിൽ നടക്കുകയും കൺഫർമേഷൻ ആകുകയും ചെയ്തെങ്കിൽ മാത്രമേ ആ ബുദ്ധിമുട്ടുണ്ടാകുകയുള്ളു. അതിനുശേഷം ഉള്ളതു് ഉണ്ടാകുന്നില്ല എന്നുള്ളതാണു് എന്റെ ബലമായ അഭിപ്രായം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ സംസാരിക്കരുതു്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം സഭയുടെ അഭിപ്രായമായി മാറുകയില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സഭയുടെ അഭിപ്രായമായി മാറാനുള്ള ലീഡിംഗ്.....

ശ്രീ. ടി. എം. ജേക്കബ്: തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പറയുകയല്ല സർ. തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ആരാണു് ഈ സഭയിൽ സംസാരിക്കുന്നതു് എന്നതു് എല്ലാവർക്കുമറിയാം. ഒരിക്കൽ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിതന്നെ ഇവിടെ പറഞ്ഞു ഡേറ്റു് ഓഫു് കമൻസ്മെൻറു് പറയാത്ത ഒരൊറ്റ നിയമംപോലും ഇവിടെ പാസാക്കിയിട്ടില്ലെന്നു്. പക്ഷേ അത്തരം നിരവധി നിയമങ്ങളും പാസാക്കിയതിനു്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. അതൊക്കെ പഴയ കാര്യങ്ങളാണു്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞുവന്നതു് ഇന്നു പാസാക്കുന്ന ഈ നിയമത്തിലെ ക്ലാസു് 8-ൽ പറഞ്ഞിരിക്കുന്ന ആനുകൂല്യം ഡെറ്റർ എന്നു പറയുന്ന ആളിനു് നിഷേധിക്കപ്പെടുന്നില്ല എന്നാണു്. അദ്ദേഹത്തിനഭിപ്രായവ്യത്യാസമുണ്ടായിരിക്കും. എന്റെയും ദേവസ്സിക്കുട്ടിയുടെയും മന്ത്രിയുടെയും ഉദ്ദേശം ഈ ആനുകൂല്യം ലഭ്യമാക്കണമെന്നാണു്. ബഹുമാനപ്പെട്ട മന്ത്രി ഇതു കുറെക്കൂടി വിശദീകരിക്കുമെന്നാണു് ഞാൻ കരുതുന്നതു്. സർ, വളരെനാളുകളായി ഈ നിയമത്തിന്റെ ആവശ്യം ഉന്നയിക്കപ്പെട്ടതാണു്. ഇൻസ്റ്റാൾമെൻറിന്റെ കാര്യത്തിലൊക്കെ തർക്കമുണ്ടായിട്ടുണ്ടു്. പൊതുവായി നോക്കുമ്പോൾ സ്വാഗതം ചെയ്യപ്പെടേണ്ട ഒരു നിയമമാണിതു്. സർ, നമ്മുടെ സംസ്ഥാനത്തിലെ സാധാരണക്കാരായ ആളുകളെ ചൂഷണം ചെയ്യാനുള്ള ശ്രമങ്ങൾ പല ഭാഗത്തും നടക്കുന്നുണ്ടു്. നമ്മുടെ നാട്ടിൽ ജനസ്മിത്തം പാടേ അവസാനിപ്പിച്ചുവെങ്കിലും കുറെ അവശിഷ്ടങ്ങൾ പല ഭാഗത്തുമുണ്ടു്. അതുംകൂടി ദൂരീകരിക്കുന്ന രൂപത്തിലുള്ള ആശ്വാസനടപടികളാണു് നാം പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നതു്. സ്വാതന്ത്ര്യകാശം ഭരണഘടനയിൽനിന്നും നീക്കം ചെയ്തിരിക്കുന്ന സ്ഥിതിക്കു് പാട്ടക്കുടിശ്ശികയുടെ കാര്യത്തിൽ മറ്റെന്തെങ്കിലുംകൂടി ചെയ്തുകൊടുക്കാൻ സാധിക്കുമോ എന്നകാര്യം ഗവൺമെൻറു് പരിഗണിക്കുമെന്നു ഞാൻ പ്രത്യാശിക്കുകയാണു്. പൊതുവേ പറഞ്ഞാൽ ഈ ഗവൺമെൻറു് ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗത്തെ എങ്ങനെ സമീപിക്കുന്നു എന്നുള്ളതു് ഇന്നലെയും ഇന്നുമെല്ലാം ഇവിടെ പാസാക്കിയ നിയമങ്ങളിൽനിന്നുതന്നെ മനസിലാക്കാൻ സാധിക്കും. സർ, എത്രനല്ല കാര്യങ്ങളും ചെയ്താലും അതിനെ വിമർശനബുദ്ധിയോടുകൂടി കാണുന്ന ചില ആളുകളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ചുരുക്കി സംസാരിക്കണം. ഈ സഭതന്നെ അംഗീകരിച്ച ബിസിനസ് അഡ്വൈസറി കമ്മിറ്റി റിപ്പോർട്ടുപ്രകാരം നാലു ബില്ലുകൾ ഇന്നു പാസാക്കേണ്ടതുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ചുരുക്കുകയാണ്. ബില്ലിനെക്കുറിച്ചു സംസാരിക്കാൻ പേരു തന്നിട്ടുള്ള പലരും ഇവിടെയില്ല. എനിക്കല്പം സമയംകൂടി തരണം. സർ, ഏതു നിയമം കൊണ്ടുവന്നാലും അതിനെ വിമർശനബുദ്ധിയോടുകൂടി മാത്രം കാണുന്ന ചില ആളുകളുണ്ട്. ചന്തുമേനോൻ അദ്ദേഹത്തിന്റെ ഇന്ദുലേഖ എന്ന നോവലിൽ പണ്ടത്തെ ജന്മിത്തത്തെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. അതുപോലെയുള്ള ഒരു സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉള്ളത്. നല്ല നിയമങ്ങൾ കൊണ്ടുവരികയും അതിന്റെ ആനുകൂല്യം സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യാൻ ശ്രമിക്കുമ്പോൾ അതിന്റെ മദ്ധ്യേ നിന്നുകൊണ്ട്, ഇടനിലക്കാരെപ്പോലെ ചൂഷണം ചെയ്യത്തക്കവണ്ണമുള്ള പ്രതിപക്ഷത്തിന്റെ ഈ പ്രവർത്തനം തീർച്ചയായും ശരിയല്ല. പൊതുവേ നോക്കിയാൽ ഈ നിയമം പൊതുവേ പ്രയോജനപ്രദമാണ്; ആ നിലയിൽ ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു, സ്വാഗതംചെയ്യുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: സർ ഈ നിയമം ഒറ്റനോട്ടത്തിൽ ഗുണകരമായ നിയമം ആണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഇതിൽ കാതലായ രണ്ടു വകുപ്പുകളാണ് ഉള്ളത്. ഒന്ന് അരിയേഴ്സ് ഓഫ് റെന്റ് എത്ര ആയിരുന്നാലും അതു തവണകളായി അടയ്ക്കാൻ സൗകര്യം ചെയ്യുന്നതാണ്. രണ്ട്, ഏതെങ്കിലും വിധത്തിൽ ഇതിൽ കോടതിനടപടികൾ പ്രകാരമോ മറ്റോ പൊതുവേ കർഷകന് അവന്റെ ഭൂമി നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ തിരികെ കൊടുക്കുന്നതിനുള്ള വകുപ്പ്. ഈ രണ്ടു വകുപ്പുകളാണ് കർഷകന് ആശ്വാസം കൊടുക്കാൻ ഉദ്ദേശിച്ച് മന്ത്രി ഈ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ദേവസിക്കുട്ടി ഇവിടെ ആശങ്ക പ്രകടിപ്പിച്ച കാര്യത്തിലേക്ക് ഞാൻ കടക്കുകയാണ്. തവണകൾ അടയ്ക്കേണ്ട വകുപ്പിനെ സംബന്ധിച്ച് ബില്ലിൽ പറയുന്നത്.....all arrears of rent accrued due before the 1st day of January, 1970 and outstanding at the commencement of this Act shall be deemed to be fully discharged if such arrears together with the interest, if any, due thereon at such commencement are paid in four equal quarterly instalments as provided in sub-section (2). അതിലിപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അമൻറുമെൻറ് കൊണ്ടുവന്നു. 4 ക്വാർട്ടർലി എന്നുള്ളതു എട്ടു ക്വാർട്ടർലി എന്നാക്കി മാറ്റി. എട്ടു ക്വാർട്ടർലി പേയ്മെൻറ് എന്നു പറയുമ്പോൾത്തന്നെ കുടിയാനു മാത്രമല്ല, ഏതു കടബാധ്യതയുള്ള ആളുകൾക്കും ഓരോ ക്വാർട്ടർലി തവണയും അടയ്ക്കുന്നതിനുള്ള സാവകാശം ഉണ്ടോ? ഈ നിയമംതന്നെ അനുശാസിക്കുന്നത്, 68 മുതൽക്ക് ഇന്നുവരെ കൊടുക്കാൻകഴിയാത്ത പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങളൊക്കെയാണ്. ഇന്നുവരെ അടയ്ക്കാൻ കഴിയാത്ത കുടിയാന് എന്തെങ്കിലും ഗുണം കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ആഗ്രഹമെങ്കിൽ ഈ നിയമം ഇങ്ങനെ കൊണ്ടുവന്നത് നിരാശാജനകമാണെന്നാണ് പറയാനുള്ളത്. അങ്ങനെ പറയാൻ കാരണം ഈ ക്വാർട്ടർലി എട്ട് അടവ് എന്നത് എട്ടുകൊല്ലം അടവായോ അല്ലെങ്കിൽ പരമാവധി എട്ട് 'അരക്കൊല്ലം' ആയോ അടയ്ക്കാനുള്ള ഒരു ഗുണം ചെയ്യുന്നതിന് എന്താണ് മടിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത് ഏതെങ്കിലും ഒരു തവണ അടയ്ക്കാൻ സാധിച്ചില്ലെങ്കിൽ നിയമത്തിന്റെ യാതൊരു ബെനിഫിറ്റും ആ കുടിയാന് ഇല്ല. മൂന്നു മാസംകൊണ്ട് ഏതെങ്കിലും ഒരു അടവ് അടയ്ക്കാൻ സാധിച്ചില്ലെങ്കിൽ ഈ വകുപ്പിന്റെ യാതൊരു ഗുണവും ആ കുടിയാന് കിട്ടുന്നില്ല. അതാണ് അവന്റെ തലയ്ക്കുമീതെ വച്ചിട്ടുള്ള മാരകായുധം. അവന് ഇത് അടയ്ക്കാൻ കഴിയുകയില്ല എന്ന വസ്തുത ദീർഘകാല അനുഭവങ്ങം വച്ചുകൊണ്ട് മനസിലാക്കാം. ഈ നിയമംതന്നെ കൊണ്ടുവരാൻ പ്രേരിപ്പിച്ചത് അതാണ്. ആറുമാസം ആക്കുന്നതിനു എന്താണു തടസം. പരിപൂർണ്ണമായ പരിരക്ഷ കൃഷിക്കാരന് നൽകാൻ ഉദ്ദേശിച്ചുകൊണ്ടു നിയമം കൊണ്ടുവരികയാണെങ്കിൽ ആ പരിരക്ഷ ആറുമാസമെങ്കിലും കൊടുക്കുന്ന കാര്യം മന്ത്രി ആലോചിക്കണമെന്നു വിനീതമായി അപേക്ഷിക്കുന്നു.

പിന്നെ പലിശയുടെ കാര്യം. ആദ്യം പറഞ്ഞ വകുപ്പിൽ ഒന്നാമതു പറഞ്ഞിരിക്കുന്നത് പലിശയുടെ കാര്യമാണ് രണ്ടാമതാണ് തവണകളുടെകാര്യം പറയുന്നത്.....if such arrears together with interest, if any..... ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞത് വളരെ ശരിയാണ്. അതു വളരെ ഗൗരവമുള്ള കാര്യമായതുകൊണ്ടാണ് സഭയുടെ സമയം പെലവഴിച്ച് ഞാൻ അതു ഒന്നുകൂടി ആവർത്തിക്കുന്നത്. 1962 മുതൽക്കു പാവപ്പെട്ട കുടിയാൻ അവന്റെ പാട്ടബാക്കി കൊടുക്കാൻ കഴിയാതെ accrue ചെയ്തതിനെക്കാം വലിയ സംഖ്യ ഇൻറെറസ്റ്റായി ഉണ്ട്. ആ സംഖ്യക്കാണ് അടവ് നിങ്ങം അനുവദിക്കുന്നത്. എന്തുകൊണ്ട് ആ ഇൻറെറസ്റ്റ് വേണ്ടെന്നു വച്ചുകൂടെ? സർ, ഇന്നലെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ സാമൂഹ്യ സമ്മർദ്ദങ്ങളുടെ ഫലമായി നെയ്ത വീരോചിത കഥകളൊക്കെ അനുസ്മരിക്കുകയുണ്ടായി. എനിക്കു അത്ഭുതം തോന്നുകയാണ്. വസ്തുത ശരിയാണ്, കാലോചിതമായ സാമൂഹ്യ സമ്മർദ്ദത്തിന്റെ ഫലമായി, അത് ഒരാളിന്റേയോ ഒരു പാർട്ടിയുടേയോ ഒന്നും കുത്തകയല്ല, നെയ്തെടുത്ത നിയമനിർമ്മാണമാണ് ഇത്. വീരോചിതമായ മലബാർ ലഹള മുതൽക്ക് ഉള്ളതാണ്. മലബാറിലെ ജനങ്ങളാണ് ഇതിൽ ഏറ്റവും അധികം ബന്ധപ്പെട്ടത് എന്നുള്ളതിൽ സംശയമില്ല. മലബാറിലെ മാപ്പിള ലഹളമുതൽക്കു നമുക്ക് അനുസ്മരിക്കാം. മദ്രാസ് അസംബ്ലിയിൽ അന്നത്തെ ഗവൺമെൻറ് മലബാർ കുടിയായ്മ നിയമം വിപ്ലവകരമായി കൊണ്ടുവന്നു. അതിനുശേഷം വീണ്ടും പല പരാധീനതകളും കണക്കിലെടുത്തുകൊണ്ട് പാട്ടബാക്കി നിറുത്തൽ ചെയ്യിക്കാനുള്ള നിയമം ഉണ്ടാക്കി. പാട്ടം വെട്ടിക്കുറച്ചുകൊണ്ടുള്ള നിയമം കൊച്ചി സംസ്ഥാനത്തുണ്ടായി. അങ്ങനെ നമ്മം പടിപടിയായി സാമൂഹ്യരക്ഷക്കു വേണ്ടി മുന്നോട്ടുവന്ന കാലഘട്ടംകൂടി അനുസ്മരിക്കണം. അതിനു തയ്യാറായാൽ എന്തിനാണ് ഈ ഒളിച്ചുകളി. ഇൻറെറസ്റ്റു കൊടുക്കാൻ മാത്രമാണ് ഈ പാട്ടക്കുടിയാൻ ഇന്നു കഷ്ടപ്പെടുന്നത്. അവന് ഈ തവണകം അടയ്ക്കുന്നതിനു ബുദ്ധിമുട്ടില്ല. നിങ്ങം ആശിക്കുന്ന ഗുണം അവന് കൊടുക്കണമെങ്കിൽ ഈ ഇൻറെറസ്റ്റ് ഒഴിവാക്കിക്കൊണ്ട് തവണകം അടയ്ക്കാൻ അനുവാദം കൊടുക്കുക. സെക്ഷൻ മൂന്നും അഞ്ചും ആണ് മർമ്മപ്രധാനങ്ങളായ വകുപ്പുകം. ഈ നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ച വകുപ്പുകളാണ്. സെക്ഷൻ 3-ൽ പറയുന്നത്.....if such arrears together with the interest, if any, due thereon.....എന്നതിനുശേഷമേ തവണ വരുന്നുള്ളു. അതുകൊണ്ട് if such arrears together with interest എന്നത് if such arrear together with due എന്നാക്കുകയോ അല്ലെങ്കിൽ together without interest എന്നാക്കുകയോ ചെയ്യണമെന്ന് ഞാൻ ഒരു ഓറൽ അമെൻറ്മെൻറായിട്ട് കൊണ്ടുവരികയാണ്. ആ കാര്യം നിങ്ങം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത് ഇതിൽ The first instalment shall be paid on or before the expiry of three months from the commencement of this Act എന്നു പറഞ്ഞാൽ പോര സർ. ഈ commencement of this Act-ന് ശേഷം മൂന്നു മാസത്തിനിടക്ക് എന്നു പറയുകയാണ്. പല കൃഷിക്കാർക്കും ഈ സമയത്തിനുള്ളിൽ അടയ്ക്കാൻ സാധിച്ചു എന്നു വരില്ല. സ്ഥലത്തില്ലാത്തവർ കാണും. അവർക്കു കോടതിയിൽവന്ന് ഹർജികൊടുക്കുന്നതിന് അപര്യാപ്തമായ സമയമാണ് ഇത്. അതുകൊണ്ടു മൂന്നുമാസം എന്നുള്ളത് ആറുമാസം എന്നാക്കണം. On or before the expiry of three months എന്നുള്ളത് ആറുമാസം എന്നാക്കണം. അതിൽത്തന്നെ each of the remaining instalments shall be paid on or before the expiry of a period of three months from the last day on which the previous instalment was due എന്നു പറയുന്നുണ്ട്. ഒരോ മൂന്നുമാസം അടവ് എന്നുള്ളത് ആറുമാസമാക്കിക്കൊടുക്കണം.

അഞ്ചാം വകുപ്പാണ് പ്രധാനപ്പെട്ട മറ്റൊരു വകുപ്പ്. ഈ നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ച ഒരു വകുപ്പുകൂടിയാണ്. പാട്ടം കൊടുക്കാതെ കോടതിയിൽ അന്യായംകൊടുത്തു കൈവശാവകാശം നഷ്ടപ്പെട്ടു കഴിഞ്ഞാൽ അവനു പരിരക്ഷ കൊടുക്കുന്ന വകുപ്പാണ്. ഈ വകുപ്പനുസരിച്ച് നിങ്ങൾ ആഗ്രഹിക്കുന്ന—എന്താണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നു എനിക്കറിഞ്ഞുകൂടാ—ഗുണം കർഷകന് കിട്ടുന്നില്ല. എന്താണ് ആ വ്യവസ്ഥ പറയുന്നത്. any person entitled to restoration of possession of his holding under sub-section (1) may within a period of three months after payment of the instalments of rent as provided in sub-section (2) of section 3, apply to the court or Land Tribunal,..... അവിടെയും സർ കാലം പോര. ഈ മൂന്നുമാസം കൊടുത്തതുകൊണ്ടു ഭൂമി നഷ്ടപ്പെട്ടുപോയ ഭൂരിഭാഗം ആളുകൾക്കും നിയമത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ഈ മൂന്നുമാസം വച്ചിരിക്കുന്നതുകൊണ്ടു മതിയാകുകയില്ല, അവിടെയും ആറുമാസം വേണം.

ശ്രീ. ബേബി ജോൺ: ഞാൻ തർക്കിക്കുകയല്ല. ഈ പാട്ടബാക്കിയെല്ലാം അടച്ചുതീർന്നിട്ട് വീണ്ടും—കൃഷിക്കാരനു അറിയില്ല—restoration-ന് പെറ്റീഷൻ കൊടുക്കാൻ ആറുമാസം കൊടുക്കണമെന്നാണോ പറയുന്നത്?

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ പറഞ്ഞത് മന്ത്രിക്ക് മനസ്സിലായില്ല. ഭൂമി നഷ്ടപ്പെട്ടവരുണ്ട്. കുടിശിക ബാക്കിയുള്ളവരുണ്ട്. നിയമം പാസ്സാക്കിക്കഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽ ബന്ധപ്പെട്ട കോടതിയെ സമീപിക്കാൻ കഴിയാതെ വരുന്നു. പ്രാക്ടിക്കലായ കാര്യമാണ് പറയുന്നത്. ലാൻഡ് റീഫാംസ് ആക്ടിൽത്തന്നെ ചില വകുപ്പുകളിൽ ആറുമാസം കൊടുത്തിട്ടുണ്ട്. തവണകളിൽ കൊടുക്കേണ്ടതായിരുന്നാലും ഇടയ്ക്കിടയ്ക്ക് ഉള്ള തവണകളും കൊടുക്കേണ്ടതായിരുന്നാലും ആറുമാസം സമയം കൊടുക്കുക. പാട്ടബാക്കി കൊടുക്കാൻ നിവൃത്തിയില്ലാതെ ഭൂമി നഷ്ടപ്പെട്ടവരാണ്. അവരെ സംബന്ധിച്ചിടത്തോളം നിയമം അനുശാസിക്കുന്ന ഗുണം അവർക്ക് ലഭിക്കുവാൻ കോടതിയെ സമീപിക്കുവാൻ സമയം വേണം. നിങ്ങൾ വിചാരിക്കുന്നതുപോലെ എല്ലാവരും വീട്ടിൽ ഉണ്ടായിരിക്കുകയില്ല. ഇതെല്ലാം നഷ്ടപ്പെട്ട് ബുദ്ധിമുട്ടി കഷ്ടപ്പെട്ട് അന്യരാജ്യങ്ങളിൽപ്പോയി ശരണംപ്രാപിച്ച തൊഴിലാളികളും കർഷകരും ഉണ്ട്. അതുകൊണ്ടാണ് മൂന്നുമാസം എന്നുള്ളത് ആറുമാസത്തെ സമയം കൊടുക്കണമെന്നുപറയുന്നത്. ആത്മാർത്ഥമായി കൃഷിക്കാരനെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനാണ് ഈ നിയമം കൊണ്ടുവരുന്നതെങ്കിൽ മൂന്നുമാസം എന്നുള്ളത് ആറുമാസം എന്നും എട്ട് ഇൻസ്റ്റാൾമെൻറ് എന്നുള്ളത് എട്ട് 'അര കൊല്ലം' എന്നുള്ള തവണയെങ്കിലും ആക്കണമെന്നും ആവശ്യപ്പെടുകയാണ്.

ശ്രീ. പി. സി. ജോസഫ്: സർ, ഈ ബിൽ ഉൾക്കൊള്ളുന്ന സാമൂഹ്യ വീക്ഷണത്തെ അഭിനന്ദിക്കാതിരിക്കാൻ വയ്യ. പക്ഷേ ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ, ഇതിന്റെ ലക്ഷ്യവുമായി എത്രത്തോളം അടുക്കാൻ സാധിക്കുന്നുണ്ട് ഈ ഭേദഗതികൊണ്ട് എന്ന് ബഹുമാനപ്പെട്ട ഗവൺമെൻറ് പുനഃപരിശോധിക്കേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. ഇത് എന്തായാലും സൗകര്യമുള്ള ജനവിഭാഗങ്ങളെ സഹായിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയല്ല. സമൂഹത്തിലെ കഷ്ടതയനുഭവിക്കുന്ന ഒരു വിഭാഗത്തെ സഹായിക്കാനുള്ള ഭേദഗതി നിയമമാണ് എന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ട് അതിനനുസരിച്ചുള്ള ഭേദഗതിയായിരിക്കണം ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് കൊണ്ടുവരേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോഴത്തന്നെ ആ തെറ്റ് അല്ലെങ്കിൽ കുറവ് മനസ്സിലാക്കിക്കൊണ്ടാണ് 4 തവണ എന്നുള്ളത് 8 തവണ എന്നാക്കി ഉയർത്താനുള്ള മനോഭാവം കാണിച്ചത്. ഇതിൽ എന്തോ പോരായ്മ, എന്തോ ന്യൂനത ഉണ്ട് എന്ന അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുതന്നെ ഉള്ളതുകൊണ്ടാണ് അങ്ങനെ നാലു തവണയെന്നുള്ളത് എട്ടുതവണയാക്കാൻ ഗവൺമെൻറുഭാഗത്തുനിന്നുതന്നെ തയ്യാറായത്. എല്ലാ കർഷകവിഭാഗങ്ങളുടെ ഭാഗത്തുനിന്നും എല്ലാ ബഹുജനപ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ആത്മാർത്ഥമായ സമ്മർദ്ദം ഇതിന്റെ പിന്നിൽ ഉണ്ടെന്നും എല്ലാവർക്കുമറിയാം.

11 a.m.]

മൂന്നുമാസം വീതമുള്ള എട്ട് ഇൻസ്റ്റാൾമെൻറാക്കുമ്പോഴും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രയോജനമുണ്ടാകും എന്ന് നമ്മളും വിലയിരുത്തണം. നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ സ്ഥിതി യെന്താണെന്ന് ഇന്നലെയുള്ള കടാശ്വാസ ബില്ലിന്റെ ഭേദഗതിയെക്കുറിച്ചുള്ള ചർച്ചയിലും ഇന്ന് ഈ തവണ ബില്ലിന്റെ ചർച്ചയിലും ബഹുമാനപ്പെട്ട മെമ്പർമാർ വ്യക്തമാക്കുകയുണ്ടായി. നിയമസഭയിൽ പ്രവർത്തിക്കുന്ന പ്രതിപക്ഷകക്ഷികളെന്നപോലെതന്നെ ഭരണപക്ഷത്തുള്ള കക്ഷികൾക്കും ഇത് ബോദ്ധ്യമുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പല ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ, തവണയുടെ എണ്ണം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണെന്നുള്ളതുപോലെ തവണയുടെ കാലാവധി മൂന്നു മാസം എന്നുള്ളതും വർദ്ധിപ്പിക്കണം. ആ കാലാവധി പരിമിതമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് തവണയുടെ കാലാവധിയും വിപുലപ്പെടുത്തേണ്ടതുണ്ട്. ഏതാനും തവണകൾ അടച്ചശേഷം തവണകൾ മുടങ്ങിപ്പോയാൽ ആ തുകയെക്കുറിച്ച് ഇന്ന് ഈ ബില്ലിൽ വ്യക്തമായ യാതൊരു നിബന്ധനയും ഉൾക്കൊള്ളിച്ചിട്ടില്ല എന്ന ഒരു പ്രത്യേകമായ ന്യൂനത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെയൊരു ബുദ്ധിമുട്ട് സാധാരണക്കാരായ കൃഷിക്കാർക്കുണ്ടായിക്കൂടാ. ഏതെങ്കിലും തവണയടച്ചിട്ട് ബാക്കിതവണ മുടങ്ങിപ്പോയാൽ എന്തുചെയ്യണമെന്ന വ്യക്തമായ നിർദ്ദേശം ഉണ്ടാകണമെന്നാണ് എന്റെ ശക്തിയായ അഭിപ്രായം. എന്തെങ്കിലും കഷ്ടതകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും ആ അടക്കുന്ന തുക പാവപ്പെട്ട കൃഷിക്കാർക്ക് തിരിച്ചുകിട്ടാനുള്ള വ്യവസ്ഥകൂടി ഈ ഭേദഗതി ബില്ലിൽ ചേർക്കണമെന്ന ശക്തിയായ അഭിപ്രായം ഞാനിവിടെ രേഖപ്പെടുത്തുകയാണ്. പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പല അംഗങ്ങളും പ്രകടിപ്പിച്ച വികാരത്തോടു യോജിച്ചു കൊണ്ടു, ഇതിന്റെ തവണയും തവണകളുടെ ഇടവേളയും വർദ്ധിപ്പിക്കണമെന്നു ഒരിക്കൽക്കൂടി ശക്തിയായി അഭിപ്രായപ്പെട്ടുകൊണ്ടു ഉപസംഹരിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഒരു ചെറിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമാണു ഞാൻ സംസാരിക്കുന്നതു. സർ, 6-ാം വകുപ്പിൽ, ഈ തവണകൾ സമയത്തിനു ലഭിക്കുന്നില്ലെങ്കിൽ ഈ നിയമത്തിന്റെ ആനുകൂല്യങ്ങൾ തവണകളടക്കുന്നവർക്കു നഷ്ടപ്പെട്ടുപോകുമെന്നു സ്വാഭാവികമായും ചേർത്തിട്ടുണ്ടു. ഈ നിയമം നടപ്പിലാകണമെങ്കിൽ 6-ാം വകുപ്പുപോലെയൊരു വകുപ്പു് ആവശ്യമായിരിക്കും എന്നുള്ളതിനെപ്പറ്റി ഞാൻ തർക്കിക്കുന്നില്ല. 6-ാം വകുപ്പുകൊണ്ടു കുറെ ബുദ്ധിമുട്ടുകൾ വരുമെന്നുപറഞ്ഞുകൊണ്ടു 6-ാം വകുപ്പുതന്നെ എടുത്തുകളയണമെന്ന നിർദ്ദേശം ഇവിടെ സമർപ്പിക്കുകയുണ്ടായി. അതു പ്രയാസമായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു. മറ്റൊരു ഭേദഗതി ബഹുമാനപ്പെട്ട പി. സി. ജോസഫു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു 6-ാം വകുപ്പിന്റെ മറ്റൊരു വശത്തെപ്പറ്റിയാണു്. 6-ാം വകുപ്പു് നടപ്പിൽ വരികയാണെങ്കിൽ അടച്ച പണം തിരിച്ചുകൊടുക്കാൻ എന്തെങ്കിലും ഏർപ്പാടു് ഈ നിയമത്തിൽ ഉണ്ടാക്കിയാൽ നന്നായിരിക്കും എന്നു്, അദ്ദേഹത്തിന്റെ ഭയാശങ്കകൾ കാരണം, അദ്ദേഹം പറഞ്ഞിരിക്കുന്നു. ഞാൻ ഇതിന്റെ മറ്റൊരു വശം ചൂണ്ടിക്കാണിക്കാൻ മാത്രമാണു് ആഗ്രഹിക്കുന്നതു്.

സർ, പലപ്പോഴും കടക്കാർ അവസാനദിവസമാണു് തവണ കൊണ്ടുചെന്നു് അടക്കാൻ നോക്കുക. അതിനെത്രയോ മുൻപു് ചെയ്യണം; പക്ഷേ പല കാരണങ്ങളാലും ചെയ്യുന്നില്ല. ഈ അവസാനദിവസം എത്തുമ്പോഴേക്കും എന്തെങ്കിലും കലാപം ചില കേസുകളിൽ ഉണ്ടായെന്നുവന്നേക്കാം; വീട്ടിൽ ഒരു ബുദ്ധിമുട്ടുണ്ടു്, ഒരുമരണം—അങ്ങനെ ഏതെങ്കിലും തരത്തിൽ അന്നു് മുടങ്ങിപ്പോയേക്കാം. അത്തരം കേസുകൾക്കു് ഏതെങ്കിലും തരത്തിൽ പ്രൊവൈഡുചെയ്യാൻ സാധിക്കുമോ എന്നു് ഗവൺമെന്റു് പരിശോധിക്കണം എന്നാണു് എനിക്കു് പറയാനുള്ളതു്.

എനിക്കു് ഒരു നിർദ്ദേശം വയ്ക്കാൻ തോന്നുന്നു. 3-ാം വകുപ്പിൽ (3)-ാം ഉപവകുപ്പുപ്രകാരം ഈ പണമെല്ലാം കെട്ടേണ്ടതു് ലാൻഡു് ട്രിബ്യൂണലിന്റെ മുൻപാകെയാണു്. ആ ലാൻഡു് ട്രിബ്യൂണലിനു്, ഏതെങ്കിലും ഒരു തവണ സമയത്തിനു് കെട്ടാൻ സാധിക്കാതെവരുന്ന കടക്കാരനു് ഒരു ടോട്ടൽ പീരീഡു് (15 ദിവസമോ മറ്റോ) വച്ചു് എക്സ്റ്റെൻറു് ചെയ്തുകൊടുക്കാൻ കഴിയത്തക്കവണ്ണമുള്ള ചെറിയ ഒരധികാരം, ഒരു എനേബിളിംഗു് പവ്വർ, കൊടുത്തുകൂടേ? അതിനെപ്പറ്റി ഗവൺമെന്റു് പരിശോധിക്കണം എന്നാണെനിക്കപേക്ഷിക്കാനുള്ളതു്. അത്തരത്തിലുള്ള ഒരധികാരം ലാൻഡു് ട്രിബ്യൂണലുകൾക്കു് കൊടുത്താൽ ഈ 6-ാം വകുപ്പുകൊണ്ടുണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകൾ കുറെയെങ്കിലും പരിഹരിക്കാൻ സാധിക്കും. പല നിയമങ്ങളിലും അത്തരത്തിലുള്ള അധികാരം കൊടുത്തിട്ടുണ്ടു്. കോടതിയും കോടതിപോലെയുള്ള ലാൻഡു് ട്രിബ്യൂണൽ തുടങ്ങിയ സ്ഥാപനങ്ങളും അതിൽ ഉൾപ്പെടും; അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു് ആ അധികാരം കൊടുക്കാൻ സാധിക്കും. അങ്ങനെയുള്ള ഒരു എനേബിളിംഗു് പവ്വർ കൊടുക്കുക; ഒരു ചെറിയ എക്സ്റ്റെൻഷൻ. ടോട്ടൽ 15 ദിവസം. അതിൽ കൂടുതൽ ഇല്ല. ലാൻഡു് ട്രിബ്യൂണലിനെ ബോധ്യപ്പെടുത്തുകയാണെങ്കിൽ അപ്രൊപ്രിയേറ്റായിട്ടുള്ള കേസുകളിൽ അങ്ങനെയൊരു ചെറിയ ആനുകൂല്യം കൊടുക്കുന്നതു് നന്നായിരിക്കും എന്നാണെന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇതൊരാവർത്തനം ആണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നാനിടയുണ്ട്. വാദഗതികളോടുള്ള സമീപനം മനസ്സിലാക്കിയതുകൊണ്ടാണ് ആവർത്തനമാണെങ്കിലും പറയാനാഗ്രഹിക്കുന്നത്. ഇന്നലെ നടന്ന കടാശ്വാസനിയമത്തിന്റെ ചർച്ചാവേളയിൽ വന്ന പ്രശ്നം ആയിരുന്നു. അപ്പോഴും ഇതുപോലുള്ള ഒരു ഭേദഗതി നിയമം കൊണ്ടുവരുന്നതുകൊണ്ട് ഇത്തരം കൃഷിക്കാർക്ക് ഗുണം കിട്ടുമെന്നാണ് പറഞ്ഞത്. ഇന്നലത്തേതിൽനിന്നും വ്യത്യസ്തമായി ഒരു ചെറിയ ഭേദഗതിമൂലം 4 ഗഡുക്കൾ എന്നുള്ളത് 8 ഗഡുക്കളായി മാറ്റിയിട്ടുണ്ട്. 8 ഗഡുക്കളായി മാറ്റിയിട്ടുണ്ടെങ്കിലും അതുകൊണ്ട് കർഷകർക്ക് യാതൊരു ഗുണവും കിട്ടുന്നില്ല. ഗഡുക്കളാക്കിയതുകൊണ്ട് മറ്റേതെങ്കിലും തരത്തിൽ ആരുടെ കയ്യിൽനിന്നെങ്കിലും കടംവാങ്ങി അടയ്ക്കണമെന്നുമാത്രമാണ് വ്യവസ്ഥ. അങ്ങനെ കടം വാങ്ങി അടച്ചാൽ ആ കടം മറ്റൊരിടത്തേക്ക് മാറും. പിന്നെ 6-ാം വകുപ്പുകൂടി ആയപ്പോഴും യാതൊരു ഗുണവും കിട്ടാനില്ല. എന്തായാലും പാട്ടക്കുടിശിക ആകെ റദ്ദുചെയ്താൽ മാത്രമേ എന്തെങ്കിലും രക്ഷയുള്ളു. അല്ലാത്തപക്ഷം 8 അർദ്ധവാർഷിക ഗഡുക്കളായി അടയ്ക്കുവാൻവേണ്ട ഭേദഗതി മൂന്നാംവകുപ്പിനു നിർദ്ദേശിക്കുകയും 6-ാം വകുപ്പ് എടുത്തുകളയുകയും ചെയ്യണമെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനു ഒരു നിർദ്ദേശം വച്ചു. അതുകൊണ്ട് പൂർണ്ണമായും ആശ്വാസം കിട്ടുന്ന നടപടിയാകുമോയെന്ന് സംശയമുണ്ട്.

ശ്രീ. ബേബി ജോൺ: 6-ാം വകുപ്പ് എടുത്തുകളയുന്നതുകൊണ്ട് എന്തെങ്കിലും പ്രത്യേകമായ ഗുണം കിട്ടുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 6-ാം വകുപ്പ് എടുത്തുകളഞ്ഞാൽ കടം അടയ്ക്കുവാൻ സാവകാശം കിട്ടും. ഈ കാര്യത്തിൽ നിർബന്ധം പിടിക്കാതെ 8 അർദ്ധവാർഷിക ഗഡുക്കളായി അടയ്ക്കുവാൻ വേണ്ട ഭേദഗതി വരുത്തുകയും ഏകകണ്ഠമായി യോജിപ്പോടുകൂടി പാസ്സാക്കുവാൻ സാധിക്കുന്നരീതിയിലുള്ള സമീപനം എടുക്കുകയും ചെയ്യണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗങ്ങളും ഈ ബില്ലിനാവശ്യമായ ഭേദഗതികളും അവതരിപ്പിച്ചു. എങ്കിലും പ്രധാനമായും ഇവിടെ അവതരിപ്പിക്കേണ്ട കാര്യങ്ങളും വിവിധ പാർട്ടികളിലെ ബഹുമാനപ്പെട്ട സ്നേഹിതൻമാർ അവതരിപ്പിക്കുകയും ചെയ്തു. ഈ ബില്ല് കർഷകരെ സഹായിക്കുവാനുള്ളതാണെന്നും അതല്ല അവരെ കബളിപ്പിക്കുവാനുള്ളതാണെന്നുമുള്ള ദുസ്സൂചനകളും വരെയുണ്ടായി. അത് നിർഭാഗ്യകരമെന്നുമാത്രമേ എനിക്ക് പറയാനുള്ളു. ഈ ബില്ലിന്റെ അനൗചിത്യത്തെക്കുറിച്ച് മന്ത്രിക്ക് അറിയുകയില്ലെങ്കിൽ അത് പറഞ്ഞുതരാം എന്നും മറ്റുമുള്ള രീതിയിലാണ് ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ സംസാരിച്ചത്. ഉപദേശങ്ങളെല്ലാം സ്വീകരിക്കുവാൻ ഞാൻ തയ്യാറാണ്. അതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ ഏത് നടപടിക്രമമനുസരിച്ചാണ് ഒരു നിയമമവതരിപ്പിക്കുന്ന അവസരത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്നും കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതിയെക്കുറിച്ചുള്ള സൂചന നൽകുന്നത് അനൗചിത്യമാണ് നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ് എന്നു സൂചിപ്പിച്ച ശ്രീ. ദേവസ്സിക്കുട്ടിയോട് ചോദിക്കുവാനുള്ളത് ഈ

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങളുടെ ഏത് വകുപ്പുകളനുസരിച്ചാണ് ക്രമവിരുദ്ധമായിട്ടുള്ളത് എന്നുകൂടി പറഞ്ഞിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. ചിലപ്പോൾ ധൃതിയിൽ ശ്രീ. ദേവസ്സിക്കുട്ടി കാണാതെപോയതായിരിക്കാം. ചോദ്യോത്തര സമയം കഴിഞ്ഞ ഉടനെതന്നെ ആ ഭേദഗതി ഈ സഭയിൽ സർക്കുലേറ്റ് ചെയ്യുകയും ചെയ്തു. ഏതായാലും എന്റെ മേശപ്പുറത്ത് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. സഭയുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ഒരു ബില്ലിന് ഇങ്ങനെയൊരു ഭേദഗതികൂടി കൊണ്ടുവരാനുദ്ദേശിക്കുന്നുവെന്നു പറയുന്നത് ക്രമവിരുദ്ധമാണ്, അനൗചിത്യമാണ് എന്നു പറയുന്ന പരാമർശനത്തോട് ഞാൻ ഏറ്റുമുട്ടുന്നില്ല. അത് ഭംഗിയല്ലാ എന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി ഞങ്ങൾക്കാർക്കും പറയുന്ന സമയത്ത് ലഭിച്ചിട്ടില്ല. അത് മാത്രമല്ല, ആ ഭേദഗതിയുടെ വിശദാംശങ്ങൾ ആ ഭേദഗതി അവതരിപ്പിക്കുന്നതിനുമുൻപ് ആൻറിസിപ്പേറ്റ് ചെയ്യുന്നതും ശരിയല്ലാ, മര്യാദയല്ലാ എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ബേബി ജോൺ: അതുകൂടി ആവശ്യമാണ്. അല്ലെങ്കിൽ ഇതിലെ വകുപ്പുകൾവച്ചുകൊണ്ട് ചർച്ചകൾ വരും; പിന്നീട് ഭേദഗതി വരും. അതുകൊണ്ട് ഗവൺമെൻറ് ചെയ്യുവാനുദ്ദേശിക്കുന്നതുകൂടി നേരത്തെ പറയുന്നതുകൊണ്ട് ചർച്ചയ്ക്ക് സഹായകരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഏതായാലും അതിന്റെ വാദപ്രതിവാദത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

പിന്നീട് ശ്രീ. ദേവസ്സിക്കുട്ടി സൂചിപ്പിച്ചത്, നിയമപ്രശ്നമാണ്. ഇന്നലെ പാസ്സാക്കിയ നിയമത്തിലെ സെക്ഷൻ 8 അനുസരിച്ച് Nothing contained in this Act shall apply in respect of arrears of rent due from a tenant who is debtor.....എന്നുള്ളത് പാസ്സാക്കുകയാണെങ്കിൽ വലിയ അപകടമുണ്ടാകുമെന്നും കർഷകർക്ക് അതുകൊണ്ട് ഗുണം കിട്ടുകയില്ലെന്നും പറഞ്ഞു. കാരണം ഡെറ്റർ എന്ന നിർവ്വചനത്തിൽ മൂവായിരം രൂപ പ്രതിവർഷ വരുമാനമുള്ള ആൾ എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കടം 3,500-ൽ വന്നുപോയാൽ ഡെറ്റർ എന്ന നിർവ്വചനത്തിൽ വരികയില്ലായെന്നും അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുകയില്ലാ എന്നും ശ്രീ. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചു. വളരെ സൂക്ഷ്മതയോടുകൂടി നിയമനിർമ്മാണ നടപടികളിൽ പങ്കെടുക്കുന്ന അംഗമാണ് ശ്രീ. ദേവസ്സിക്കുട്ടി. അതുപോലെതന്നെ വളരെ കാര്യമായി പഠിക്കുന്ന ഒരു ബഹുമാനപ്പെട്ട മെമ്പറുംകൂടിയാണ്. അതൊക്കെ ഞാൻ അംഗീകരിക്കുന്നു. അദ്ദേഹത്തിന്റെ ഈ അഭിപ്രായം ദുരുദ്ദേശപരമാണെന്ന് ഞാൻ പറയുന്നില്ല. അങ്ങനെ പറയുന്നത് ശരിയല്ല. കാരണം ഡെറ്റർ എന്നുള്ളതിന് നിർവ്വചനമുണ്ട്. അതിന്റെ ആദ്യഭാഗം മാത്രമേ അദ്ദേഹം വായിച്ചിട്ടുണ്ടായിരിക്കുകയുള്ളു. 'Debtor' means any person whose annual income does not exceed three thousand rupees from whom any debt is due, but does not include,—(i) any person from whom debt or debts exceeding three thousand rupees (excluding interest) is or are due: എന്നാണ്. അതുകൊണ്ട് ഡെറ്റർ എന്നുള്ളതിന്റെ നിർവ്വചനത്തിൽ മൂവ്വായിരം രൂപ പ്രതിവർഷവരുമാനമെന്നുമാത്രമായി നിൽക്കുന്നില്ല. ആ നിലയ്ക്ക് ശ്രീ. ദേവസ്സിക്കുട്ടി ഭയപ്പെട്ടതുപോലെ ഈ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുകയില്ല ഈ വിഭാഗത്തിന്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂചിപ്പിച്ച മറ്റു പല കാര്യങ്ങളെക്കുറിച്ചും വളരെ ഗൗരവമായി ആലോചിക്കുകയാണ്. പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ശ്രീ. ചന്ദ്രശേഖരൻ പറയുകയുണ്ടായി, ബോണഫൈഡി കേസിൽ ഒരു എനേബ്ലിംഗ് പ്രൊവിഷൻ വേണമെന്ന്. എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിനുവേണ്ട അവസരം കൊടുക്കുവാൻ ഉതകുന്ന രീതിയിൽ ഒരു ഭേദഗതി അവതരിപ്പിക്കുവാൻതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പൊന്തിവന്ന അഭിപ്രായം കണക്കിലെടുത്തുകൊണ്ട് ഞാൻ നോട്ടീസ് നൽകിയ ഭേദഗതിയിൽ മാറ്റം വരുത്തുവാനുദ്ദേശിക്കുന്നുണ്ട്. For the words 'four equal quarterly instalments' എന്നുള്ളതിനുപകരം the words 'six equal half yearly instalments' എന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെയൊരു ഭേദഗതി വരുത്തുന്ന അവസരത്തിൽ തീർച്ചയായും അതിന്റെ പ്രിയാമ്പിളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. കാരണം it shall be deemed to have come into force on the 19th day of July 1979 എന്നു പറഞ്ഞിട്ട് 3 മാസത്തിനുള്ളിൽ അടയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് 6 മാസത്തിനുള്ളിൽ അടയ്ക്കണം എന്ന ഭേദഗതികൂടി വരും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആറുമാസമെന്നുള്ളത് എട്ട് മാസമാക്കി മാറ്റുന്നതിൽ എന്താണ് വിരോധം.

ശ്രീ. ബേബി ജോൺ: എട്ട് മാസമെന്നുള്ളത് പത്ത് മാസമാക്കിയാൽ എന്താണ്, പന്ത്രണ്ട് മാസം ആക്കിയാൽ എന്താണ് എന്ന് എല്ലാം ചോദിക്കാം. വിളവെടുപ്പിന്റെ സമയംകൂടി കണക്കാക്കിക്കൊണ്ടാണ് ആറുമാസം എന്നാക്കിയത്. മൂന്നുമാസമെന്ന് പറയുമ്പോൾ കുറെ ബുദ്ധിമുട്ട് ഉണ്ടാകും. മറിച്ച് തവണകൾ കൂട്ടുന്നത് ഈസി ഇൻസ്റ്റാൾമെന്റിന് സൗകര്യമുണ്ടെങ്കിലും കുറെ ബുദ്ധിമുട്ടുണ്ടാകും. ഭൂമി തിരിച്ചു എടുക്കുന്ന ആളുകളുണ്ടല്ലോ അവർക്ക് മൊത്തമായി കൊടുക്കാനുള്ള പ്രൊവിഷൻ കൂടി വേണ്ടിയിരിക്കുന്നു. ഇത്രയും ഇൻസ്റ്റാൾമെന്റായിട്ട് അടയ്ക്കുകയാണെങ്കിൽ ഭൂമി അവരുടെ കയ്യിൽ കിട്ടാൻ താമസിക്കും.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: നെൽക്കൃഷിക്കാരെയല്ലേ ഉദ്ദേശിച്ചത്? മൂന്നുമാസം കഴിഞ്ഞാൽ നെൽക്കൃഷിക്കാരന്റെ കയ്യിൽ ലാഭമായിട്ട് അടയ്ക്കുന്നതിനുള്ള സംഖ്യ ഉണ്ടാകുമെന്നാണോ പറയുന്നത്?

ശ്രീ. ബേബി ജോൺ: ആറ് മാസമെന്നാണ് ഞാൻ പറഞ്ഞത്. നെൽക്കൃഷിക്കാരെ പ്രത്യേകമായും ഉദ്ദേശിച്ചുകൊണ്ടാണ് ആറ് മാസമാക്കി മാറ്റാമെന്ന് പറഞ്ഞത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കൊല്ലത്തിന്റെ കാര്യം പറയുമ്പോൾ നിയമപ്രകാരം ഇന്ന് പാട്ടക്കൃഷിക്കാർക്ക് നഷ്ടപ്രതിഫലവും കൂടി കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഇതിന്റെ ഗഡുക്കൾ കൂട്ടണമെന്ന് പറയുന്നത്. കൊടുക്കാൻ ആഗ്രഹിക്കുന്നവർക്ക് കൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കണ്ടേ? അങ്ങനെ വരുന്നവരേയും കൂടി രക്ഷിച്ച് എടുക്കാൻ വേണ്ടിയാണ് തവണ കൂട്ടണമെന്ന് പറയുന്നത്.

ശ്രീ. ബേബി ജോൺ: ഞാൻ അതിനെതിരായിട്ട് പറയുന്നതല്ല. 1970-ലെ ഡെറ്റ് റിലീഫ് ആക്ടിൽ അതിന് സൗകര്യം കൊടുത്തിട്ടുണ്ട്. കുറെപ്പേർ പ്രയോജനപ്പെടുത്തിക്കാണും. ദേഹണ്ഡപ്രതിഫലം കൂടി കൊടുക്കേണ്ടിവരുന്ന കുറച്ച് ആളുകളും ഉണ്ട്. സെക്ഷൻ 3 (2)-ൽ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് എന്റെ സ്നേഹിതൻ ഗംഗാധരൻ പറഞ്ഞു. മൂന്നുമാസമെന്നുള്ളത് മാറണമെന്ന് പറഞ്ഞു. (2)"Any person entitled to restoration of possession of his holding under sub-section (1) may within a period of three months after payment of the instalments of rent as provided in sub-section (2) of section 3, apply to the court or Land Tribunal, as the case may be, which passed the decree or order for setting aside the same and for restoration of possession of his holding." അത് ആറുമാസം ആക്കണമെന്ന് പറയുന്നത് എന്ത് ആവശ്യത്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പണമെല്ലാം അടച്ചുതീർന്നിട്ട് വളരെ വേഗം റെസ്റ്റോറർ ചെയ്യുന്നത് കുറേക്കൂടി നേരത്തേയായാൽ തരക്കേടില്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. ആറുമാസം ആക്കണം, പാവപ്പെട്ട കർഷകന് അറിയില്ല, കർഷകത്തൊഴിലാളിയ്ക്ക് അറിയില്ല എന്ന് പറഞ്ഞാൽ പറ്റുകയില്ല. കർഷകനും കർഷകത്തൊഴിലാളിയും ബോധവാനാണ്. എന്നു മാത്രമല്ല അവരെ സഹായിക്കാനാണ് കർഷക പ്രസ്ഥാനവും ബഹുജന പ്രസ്ഥാനവുമെല്ലാമുള്ളത്. സാധാരണ ഗതിയിൽ നടപടിക്രമങ്ങൾ അറിയാൻ വയ്യാത്ത കർഷകരേയും കർഷകത്തൊഴിലാളിയേയും സഹായിക്കുകയെന്നുള്ളത് കർഷക പ്രസ്ഥാനത്തിന്റേയും രാഷ്ട്രീയപ്രസ്ഥാനത്തിന്റെയും കടമയാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ ഉപരിതലത്തിലുള്ള ചില ആളുകൾക്ക് കുറച്ച് പ്രയോജനമുണ്ടെന്നുള്ളത് നേരാണ് ഞാൻ അത് നിഷേധിക്കുന്നില്ല. നമ്മുടെ രാജ്യത്തെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമങ്ങൾ, സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള പാവങ്ങൾക്ക് പൂർണ്ണമായും ലഭിച്ചിട്ടില്ലെന്നുള്ള ദുഃഖസത്യം അംഗീകരിക്കുന്നു. ഉപരിതലത്തിൽനിൽക്കുന്ന, ശബ്ദമുണ്ടാക്കാൻ കഴിയുന്ന ആളുകൾക്ക് മാത്രമായി അതിന്റെ പ്രയോജനം ഒതുങ്ങിനിൽക്കുന്നില്ലേയെന്ന സംശയമുണ്ട്. എക്സിക്യൂട്ടീവ് മെഷീനറിയെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അവരവരുടേതായകുറ്റങ്ങളും കുറവുകളുമുണ്ട്. അതിന്റെ കുറ്റം ഏറ്റെടുക്കേണ്ടവർ രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യപ്രവർത്തകരുമാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. പാവങ്ങളുടെ ഇടയിൽ ചെന്ന് ആനുകൂല്യങ്ങളെ കുറിച്ച് അവരെ ബോധവാൻമാരാക്കി ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അവരെ തയ്യാറെടുപ്പിക്കുകയാണ് ചെയ്യേണ്ടത്. മൂന്നുമാസമെന്നുള്ളത് ആറ് മാസമാക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഈ നിയമം പാസ്സാക്കുന്നതോടുകൂടി ഗഡുക്കൾ അടച്ചുകൊണ്ട് അവരിൽ നിന്ന് ഭൂമി തിരിച്ചെടുക്കാൻ അത്ര സമയം വേണ്ടെന്നാണോ പറയുന്നത്?

ശ്രീ. ബേബി ജോൺ: ഗഡുക്കളെല്ലാം അടച്ചുതീർന്നു. റെസ്റ്റോറേഷന് പെറ്റീഷൻ കൊടുക്കാൻ ആറുമാസംവരെ സമയം വേണമെന്നാണ് ആവശ്യപ്പെടുന്നത്. അത് വേണ്ട എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ഗോപാലൻ: ആറുമാസമാക്കണമെന്നു പറഞ്ഞ് ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ഒന്നാം വായനയിൽ കൂടി രണ്ടാം വായനയും കഴിക്കണമെന്ന് ഉദ്ദേശമുണ്ടോ?

ശ്രീ. ബേബി ജോൺ: പൊതുചർച്ചയിൽ ഈ പ്രശ്നം വന്നതുകൊണ്ട് പറഞ്ഞതാണ്. ആറാം സെക്ഷൻ വളരെ ക്രൂരമായ നടപടിയാണെന്ന് പറയുന്നുണ്ട്. എനിക്ക് അതിനോട് യോജിപ്പില്ല. ഇത്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായി സ്പെസിഫൈ ചെയ്തില്ലെങ്കിൽ ഇതിന്റെ വ്യവസ്ഥയനുസരിച്ച് ചെയ്തില്ലെങ്കിൽ ആനുകൂല്യം ലഭിക്കുകയില്ലെന്നുള്ളത് നേരാണ്. ആറുമാസമെന്ന് എഴുതിയിരിക്കുന്നത് പ്രേരണനൽകാൻ വേണ്ടിയാണ്. ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് പ്രധാനമായ ഉദ്ദേശം. ശ്രീ. ജേക്കബ് സൂചിപ്പിച്ച ഒരു വസ്തുതയുണ്ട്. ഇന്നലെ നമ്മം പാസ്സാക്കിയ നിയമത്തിൽ റെസ്റ്റോറേഷനെ സംബന്ധിച്ചുള്ള ഒരു പെറിയ ഭേദഗതി ആവശ്യമാണെന്ന് സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ അത് പറയുന്നത്. അതായത് ഡിസ്ചാർജ് ഓഫ് ഡെബ്റ്റിനെകുറിച്ച് പറഞ്ഞുവരുമ്പോൾ every debt and the interest there on payable by a debtor to a creditor shall be deemed to be wholly discharged. എന്ന് പറഞ്ഞുകഴിഞ്ഞിട്ട് പ്രൊവൈസോയിൽ പറയുന്നത് the sale of any immovable property confirmed before such commencement എന്നാണ്. അതിനാവശ്യമായ ഭേദഗതി ഡെബ്റ്റ് റിലീഫ് ആക്ടിൽ വേണ്ടിയിരിക്കുന്നു, അല്ലെങ്കിൽ കൺഫേംഡ് ആയിട്ടുള്ള സെയിൽ ഓഫ് ഇമ്മൂവബിൾ പ്രോപ്പർട്ടീസിന് ഈ ആനുകൂല്യം ലഭിക്കാതെവരുമോയെന്ന സംശയം സൂചിപ്പിച്ചു. വളരെ വിശദമായി പരിശോധിച്ചിട്ട് അതാവശ്യമാണെങ്കിൽ അതിനാവശ്യമായ ഭേദഗതി ഡെബ്റ്റ് റിലീഫ് ആക്ടിൽതന്നെ കൊണ്ടുവരാൻ നോക്കാം. ഇത് ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

The amendment moved by Sri N. I. Devassykutty was put and lost.

The amendment moved by Sri R. Sundaresan Nair, was, by leave, withdrawn.

The question that the Kerala Payment of Arrears of Rent in Instalments Bill, 1979, be taken into consideration, was put and carried.

The Bill was taken into consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): ക്ലോസ് 3-ൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് താഴെപ്പറയുന്ന അമൻറുമെന്റുകൾ അവതരിപ്പിക്കുന്നു:

In sub-clause (1), for the words "four equal quarterly instalments", the words "six equal half-yearly instalments" shall be substituted.

In sub-clause (2), for the words "three months", in both the places where they occur, the words "six months" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

To sub-clause (2), the following proviso shall be added, namely:

"Provided that the Court or Tribunal referred to in sub-section (3) may, if it is satisfied that the tenant was prevented by sufficient cause from depositing any instalment on or before the due date, allow him to deposit the instalment before the expiry of fifteen days from the due date."

Sri M. Ramappa: Sir, I move my amendments:—

(1) In clause 3, in sub-clause (1) line 7, for the words "for equal quarterly instalments" the words "twelve equal annual instalments" shall be substituted.

(2) In clause 3, sub-clause (2) for the words "three months" wherever they occur substitute the words "one year".

Sir, in spite of the oral amendments moved by the Hon'ble Minister, I have a genuine fear that it cannot fulfil the object of this Bill. I have reasons for that. You will find, that most of our cultivators are paddy cultivators or plantation cultivators. You know, how far, our agriculture is exposed to the vageries of nature. It has actually become a gamble with rain. This year's drought has affected our farmers very much. So naturally, if the three months period is enhanced to six months, I don't think that it can solve this problem. Take the case of arecanut; it is an annual crop. The cultivators get an annual income from that. Most of the paddy cultivators are also cultivators of a single crop. Even they have got only an annual income. So my request to the Minister is to see that instead of six equal monthly instalments, atleast 12 equal annual instalments should be given. More than that Sir, now the poor farmer, not only have to pay the accrued arrears of rent, but have to pay the instalments of the purchase price also. If he is to pay these two instalments together in an year, I don't think that he will actually reap the benefit of this Act. Especially in my area, you know the arrears of rent is to be collected, not at the rate of fair rent, but at the rate of contract rent. You know in that area there is no legislation to fix the fair rent before the enactment of the Kerala Land Reforms Act. Naturally, the arrears of rent will be much more than what actually the poor farmers are to pay. Further you know the system of giving receipt for rent already paid is not in vogue there. So actually you find, in spite of the Bill, most of the farmers may not be in a position to reap its benefits, and the Bill cannot achieve the objects for which it is brought forward. Further, you know that not only the arrears of rent is there, but the accrued interest also. The purchase price instalment is there. If all these are calculated, I think the poor farmer will definitely find it very difficult to discharge the arrears as contemplated in the Bill. Hence my request to the Hon'ble Minister is that the amendment which yon have brought forward to the clause now cannot meet the ends of this legislation. So I request you to accept my amendment to make the half yearly instalments into annual instalments and enhance this six instalments into 12 instalments. I hope you will accept it.

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Gopalan: I move the following amendments:

(1) In clause 3, in sub-clause (1), in line 7, for the words "four quarterly instalments" substitute the words "twelve quarterly instalments".

(2) In clause 3, sub-clause (1) in line 7, for the word "four" substitute the word "twelve" and for the word "quarterly" substitute the word "yearly".

(3) In clause 3, sub-clause (2) for the words "three months" the words "one year" shall be substituted.

സർ, ഈ ബില്ലിന്റെ പ്രധാനപ്പെട്ടതും നിർണ്ണായകവുമായ ഒരു കാര്യം 3,000 രൂപ വരെയുള്ള പാട്ടമിച്ചവാര ബാക്കികയ്യ റദ്ദാക്കുന്ന വിഭാഗം കഴിഞ്ഞാൽ ബാക്കി വരുന്നവർക്ക് കിട്ടുന്ന ഏക ആനുകൂല്യം ഗഡുക്കളായി അടയ്ക്കാനുള്ള ആനുകൂല്യമാണ്. അപ്പോഴും ഈ ഗഡുക്കളുടെ കാര്യത്തിൽ ഇത്ര വളരെ മുറുക്കം ആവശ്യമില്ല എന്നാണ് എനിക്ക് തോന്നുന്നത്. എത്രയായാലും ഗഡുക്കയ്യ പതുക്കെയാണ് വരുന്നതെന്നുള്ളതു മനസ്സിലായി. മൂന്നുമാസം എന്നുള്ളത് ആറുമാസം. ഇതിൽ പ്രധാനമായിട്ടുള്ളതു ഗഡുക്കളുടെ കാര്യത്തിലാണെങ്കിൽ ഗഡുക്കയ്യ അൽപം വർദ്ധിപ്പിച്ചു കൊടുക്കുന്നതുകൊണ്ട് ദോഷമില്ല. പക്ഷേ ഭാഗ്യവശാൽ ഇവിടെ നിയമസഭാ നടപടികളുടെ പരിജ്ഞാനം മൂത്തുമൂത്തു ഒന്നാം വായനയിൽ രണ്ടാം വായന കഴിക്കൽ തരക്കേടില്ലല്ലോ. ഒന്നാം വായനയിൽതന്നെ രണ്ടാംവായന കഴിഞ്ഞാൽ പിന്നെ വായനയെ വേണ്ടെന്നാകുമോ? ഇവിടെക്കണ്ട വായനയുടെ ഗുണം അതാണല്ലോ.

മി. ഡെ. സ്പീക്കർ: രണ്ടാം വായന അല്ലേ നടക്കുന്നത്. രണ്ടാം വായന വേണ്ടെന്നു വച്ചിട്ടില്ല. രണ്ടാം വായന നടക്കുകയാണിപ്പോഴ്.

ശ്രീ. ഇ. പി. ഗോപാലൻ: അതെ; ഒന്നിൽത്തന്നെ രണ്ടു കഴിഞ്ഞാൽപ്പിന്നെ കുഴപ്പമില്ലല്ലോ? ഞാൻ കൊടുത്തിട്ടുള്ള ഭേദഗതിയിൽ സാവിസ്തരമായിട്ട് പ്രതിപാദിച്ചിട്ടുള്ളതു ഗഡുക്കളെ സംബന്ധിച്ചാണ്. ഭേദഗതിയിൽ ഗഡുക്കളെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളതു അതിന്റെ എണ്ണമാണ്. എന്റെ സ്നേഹിതൻ ശ്രീ. ഗംഗാധരൻ ഒന്നാംവായന സമയത്ത് വാക്കാൽ അവതരിപ്പിച്ച ഭേദഗതി, ഞാൻ എഴുതിക്കൊടുത്ത ഭേദഗതിയാണ്. അതിന്റെ സമയമാണിപ്പോഴ്.

ശ്രീ. എം. പി. ഗംഗാധരൻ: ഇവിടെ വായന എന്നൊക്കെ പറഞ്ഞു. അതെക്കുറിച്ചു എന്ത് അറിയാം?

ശ്രീ. ഇ. പി. ഗോപാലൻ: ആദ്യം കഴിഞ്ഞതു ഒന്നാം വായനയും ഇപ്പോഴ് നടക്കുന്നതു രണ്ടാം വായനയുമാണെന്നു ഈ സഭയിൽ ഇരിക്കുമ്പോഴ് മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ടു സർ, വീണ്ടും ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി ആലോചിച്ചാൽ തരക്കേടില്ല.

സർ, ആറുമാസം കൂടുമ്പോഴ് ഉള്ള ഗഡു പ്രതിവർഷഗഡു എന്നാക്കുന്നതിൽ എന്താണ് വിഷമം? അതു ഞാൻ പറയാനുള്ള കാരണം മൂന്നുമാസം കൂടുമ്പോഴ്, എന്നതു ആറുമാസം കൂടുമ്പോഴ് എന്നായതുകൊണ്ടാണ്. ആറുമാസം കൂടുമ്പോഴുള്ള ഗഡു അടച്ചുതീർക്കാൻ വിഷമം

LIBRARY ARCHIVES Kerala Legislative Assembly

കാണും. നമ്മുടെ കൃഷി സമ്പ്രദായം അങ്ങിനെയാണ്. പ്രതിവർഷഗഡു എന്നാക്കുന്നതുകൊണ്ട് പലേ ഗുണങ്ങളുമുണ്ട്. ഞാൻ അവതരിപ്പിച്ചിട്ടുള്ളത് In Clause 3, in sub-clause (1), in line 7, for the words "four quarterly instalments" substitute the words "twelve quarterly instalments" തുടർന്നു കാർട്ടേർലി എന്നതു ആനുവൽ എന്നാക്കി മാറ്റണമെന്നും ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. 12 ഗഡുക്കളും 12 കൊല്ലവും എന്നാണ് ഇതിനർത്ഥം. ഇത്തിരി കൂടുതലായി തോന്നിപ്പോകും, ശരിയാണ്. കൊടുക്കുന്നതിനു എപ്പോഴും അസുഖം കാണും. വാങ്ങുന്നതോ? സുഖക്കുറവും. അതാണ് പ്രകൃതി. മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ ഹാഫ് ഇയർലി എന്നുള്ളതു ആനുവൽ എന്നെങ്കിലുമാക്കി ഭേദഗതി ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഞാൻ സ്ട്രെസ് ചെയ്യേണ്ടതായി വന്നിട്ടുള്ള കാര്യവും അതാണ്. അതു പരിഗണിക്കണമെന്നു എനിക്ക് ഒരു അപേക്ഷയുണ്ട്. പിന്നെ മൂന്നാംവകുപ്പിൽ തന്നെ ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ സ്ട്രെസ് ചെയ്യുക എന്നുള്ളതിന്റെ അർത്ഥം എന്താണ്?

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴും അർത്ഥം അറിയണമെന്നില്ല.

In clause 3, sub-clause (2), for the words "three months" the words "one year" shall be substituted എന്ന ഒരു ഭേദഗതിയും കൊടുത്തിട്ടുണ്ട്. മന്ത്രി ഇവിടെ നേരത്തെ ഒന്നാം വായനസമയത്തു പൊന്തിവന്നിട്ടുള്ള ചില അഭിപ്രായഗതികേടിനു മറുപടി പറയുകയുണ്ടായി. ഈ നിയമപ്രകാരമുള്ള ആദ്യഗഡു അടയ്ക്കുന്നതിനു മൂന്നുമാസമാണ് ഇതിൽ അനുവദിച്ചിട്ടുള്ളത്. ഇത്തരം നിയമങ്ങളെ സംബന്ധിച്ച് മൂന്നുമാസമല്ല മൂന്നു ദിവസത്തിനുള്ളിൽ മനസ്സിലാക്കാൻ കഴിഞ്ഞാൽ വലിയ കാര്യമായി; തർക്കമില്ല. പക്ഷെ നിയമങ്ങൾ നടപ്പാക്കിയിട്ടുള്ളതിന്റെ ഇതഃപര്യന്തമുള്ള അനുഭവം എന്താണ്?

ശ്രീ. ബേബി ജോൺ: ഇപ്പോൾ ഓറലായിട്ട് അവതരിപ്പിച്ചതനുസരിച്ച് ആറുമാസം എന്നാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ആറുമാസമാണ് എന്നു മനസ്സിലായി. എന്റെ നിലപാടിൽ വിട്ടുവീഴ്ച ചെയ്യാൻ ഒരുക്കമാണ്. ഒരു കൊല്ലം എന്നുള്ളതു ആറുമാസമെന്നു ആക്കിയതിലേക്ക് വരാൻ ഒരുക്കമാണ്. പക്ഷെ, ഭേദഗതി ഞാൻ കൊടുക്കാനുണ്ടായിട്ടുള്ള കാരണം എന്താണ്. ഇത്തരം നിയമങ്ങൾ നടപ്പാക്കിയതിൽ സംസ്ഥാനത്തിന്റെ അനുഭവം എന്താണ്? ബന്ധപ്പെട്ടവർ തക്കസമയത്ത് പ്രവർത്തിച്ചിട്ടുണ്ടോ? പലയിടങ്ങളിലും പല സന്ദർഭങ്ങളിലും ഗവൺമെന്റ് അവധികൾ മാറ്റിക്കൊടുത്തിട്ടുണ്ട്. ആ അറിവും അനുഭവവും വച്ചിട്ടാണ് ഞാൻ ആ ക്ലാസിനു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ആറുമാസമായിട്ട് ഉയർത്തിയതിൽ സന്തോഷമുണ്ട്. എന്നാൽ, ആനുവൽ ഇൻസ്റ്റാൾമെന്റ് ആക്കിയാൽ ഉത്തമമായി. വാർഷികഗഡു എന്നു പറയുന്നതു എല്ലാംകൊണ്ടും നല്ലതാണ്. അതുകൊണ്ട് ഈ ഭേദഗതി മന്ത്രി സ്വീകരിച്ചാൽ തരക്കേടില്ല.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): ബഹുമാനപ്പെട്ട രാമപ്പയും ബഹുമാനപ്പെട്ട ഇ. പി. ഗോപാലനും അവതരിപ്പിച്ച ഭേദഗതികൾ നേരത്തെ ഞാൻ കാണാൻ ഇടയായി. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടന്ന ചർച്ചകളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെൻറ് ഈ പ്രയാസങ്ങൾക്ക് പരിഹാരം കാണണമെന്നു കരുതിക്കൊണ്ട് മൂന്നു കാർട്ടർലി ഇൻസ്റ്റാൾമെൻറ് എന്നുള്ളതു ഹാഫ് ഈയർലി ഇൻസ്റ്റാൾമെൻറ് എന്നാക്കുകയും, രണ്ട് എന്നുള്ളതു മൂന്നു എന്നാക്കുകയും ചെയ്തിട്ടുള്ളത്. അതുപോലെതന്നെ ബഹുമാനപ്പെട്ട ഇ. പി. ഗോപാലൻ സൂചിപ്പിച്ച എക്സ്പ്ലനേഷൻ രണ്ടിൽ The first instalment shall be paid on or before the expiry of three months from the commencement of this Act എന്നുള്ളത് ആറുമാസം എന്നാക്കുകയും ചെയ്യുന്നു. അതിൽ കൂടുതലായി ഒരു ഭേദഗതിക്ക് നിർബ്ബന്ധിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ നടന്ന ചർച്ചകളുടെ സ്പിരിട്ട് ഉൾക്കൊണ്ടുകൊണ്ടു കഴിയുന്നത്ര സഹായം കർഷകർക്ക് ചെയ്തുകൊടുക്കണമെന്നുള്ളതുകൊണ്ടാണ് ഇത് ചെയ്യുന്നത്. അതുകൊണ്ട് ഇതിനുമുമ്പ് ഒരു അഗ്രിക്കൾച്ചറൽ ഡെറ്റ് റിലീഫ് ആക്ടിൽ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ ഹാഫ് ഈയർലി ഇൻസ്റ്റാൾമെൻറ് മാത്രമേയുള്ളൂ, ആനുവൽ ഇൻസ്റ്റാൾമെൻറ് എന്നുള്ളതു സ്വീകരിക്കാൻ പ്രയാസമാണ്, ഹാഫ് ഈയർലി ഇൻസ്റ്റാൾമെൻറ് എന്നുള്ളതാണ് നമ്മൾ പുതുതായി അനുവദിക്കുന്നത്, അതുകൊണ്ട് തൃപ്തിപ്പെടണം.

The amendments moved by the Minister viz., (1) In sub-clause (1), for the words "four equal quarterly instalments", the words "six equal half-yearly instalments" shall be substituted.

(2) In sub-clause (2), for the words "three months" in both the places where they occur, the words "six months" shall be substituted.

(3) To sub-clause (2), the following proviso shall be added, namely:

Provided that the court or Tribunal referred to in sub-section (3) may, if it is satisfied that tenant was prevented by sufficient cause from depositing any instalment on or before the due date, allow him to deposit the instalment before the expiry of fifteen days from the due date", be adopted was put and carried.

ശ്രീ. ഇ. പി. ഗോപാലൻ: സർ, എന്റേയും ശ്രീ. രാമപ്പയുടേയും ഭേദഗതികൾ വോട്ടിനിട്ടില്ല. ഞങ്ങളുടെ ഭേദഗതി ആദ്യം വോട്ടിനിടുന്നതാണ് പ്രസക്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: എപ്പോഴും മന്ത്രിയുടെ അമൻറ്മെൻറാണ് ആദ്യം വോട്ടിനിടുക. മന്ത്രി ഏറ്റവും ഒടുവിൽ മൂവ് ചെയ്താലും മന്ത്രി അവതരിപ്പിക്കുന്ന ഭേദഗതിയാണ് ആദ്യം വോട്ടിനിടുക.

ശ്രീ. എം. പി. ഗംഗാധരൻ: സബ് സെക്ഷൻ രണ്ടിൽ ആറുമാസം എന്നുള്ളത് മൂന്നു മാസം ആക്കണമെന്നാണ് ഞാൻ എന്റെ പ്രസംഗത്തിൽ ഓറൽ അമൻറുമെൻറായിട്ട് പറഞ്ഞത്. The Minister may be pleased to consider that.

Minister for Revenue and Co-operation (**Sri Baby John**): I have moved my amendment. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഓറൽ അമൻറ്മെൻറ് മൂവ് ചെയ്തിട്ടുള്ളതായി എനിക്ക് തോന്നുന്നില്ല, അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യം ഉണ്ടെന്ന് ഗവൺമെൻറിന് തോന്നുന്നില്ല. അതിന് മറുപടിയും ഞാൻ പറഞ്ഞുകഴിഞ്ഞു.

The amendments moved by Sri M. Ramappa were, by leave withdrawn.

The amendments moved by Sri E. P. Gopalan were, by leave withdrawn.

The question that Clause 3 as amended stands part of the Bill was put and carried.

Clause 3 as amended, was added to the Bill

Clauses 4 to 9

The question that Clauses 4 to 9 stand part of the Bill was put and carried.

Clauses 4 to 9 were added to the Bill.

Clause I, Preamble and Title

The question that Clause I, Preamble and Title stand part of the Bill was put and carried.

Clause I, Preamble and Title were added to the the Bill.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, പാട്ടകുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നതിനെ സംബന്ധിച്ച് 1979-ലെ ഭേദഗതിബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Labour and Housing (**Sri M. K. Raghavan**): Sir, I second it.

(ഈ സമയം സന്ദർശക ഗ്യാലറിയിലിരുന്നിരുന്ന രണ്ടുമൂന്നുപേർ മുദ്രാവാക്യം മുഴക്കുകയും വാച്ച് ആൻറ് വാർഡ് ഉദ്യോഗസ്ഥൻമാർ അവരെ നീക്കംചെയ്യുകയും ചെയ്തു).

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഈ ബില്ലിൻെറ ഒന്നാം വായനയും രണ്ടാം വായനയും കഴിഞ്ഞ് മൂന്നാം വായന സമയത്ത്, ബിൽ നടപ്പിൽ വരുന്ന അവസരത്തിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ബഹുമാനപ്പെട്ട മന്ത്രി പിന്നീട് അദ്ദേഹത്തിൻെറ ഉദ്ദേശ ലക്ഷ്യത്തോടുകൂടി ചെയ്ത ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചു. കാലാവധി ആറുമാസമാക്കി, പക്ഷെ, അതുപോലെതന്നെ ഈ ചമയവില കൊടുക്കുന്ന കാര്യത്തിൽ അത് കെട്ടിവയ്ക്കണമെന്നു പറഞ്ഞു. ഈ പാട്ടബാക്കി അഞ്ഞൂറോ അറുന്നൂറോ ഉറുപ്പിക വരുമ്പോൾ അതിന് ഇൻസ്ട്രുമെൻറ് കൊടുത്തിട്ട് ആയിരമോ രണ്ടായിരമോ ചമയവില വന്നാൽ, ആ ചമയവില ഒന്നായി കെട്ടിവയ്ക്കുകയെന്നുള്ള ബുദ്ധിമുട്ട് വന്നാൽ അതിന് ഇൻസ്ട്രുമെൻറ് ഇല്ലെങ്കിൽ അപകടമായിരിക്കും. ഈ ബില്ല് നടപ്പിൽവരുമ്പോൾ കുടിയാൻമാർക്ക് ആർക്കൊക്കെയാണ് രക്ഷവേണമെന്ന് വിചാരിച്ചത്, അവർക്ക് അക്കാര്യത്തിൽ രക്ഷകിട്ടുകയില്ല. സർ, ഇരുന്നൂറോ, മുന്നൂറോ ഉറുപ്പിക പാട്ടബാക്കിവന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന് ഇൻസ്റ്റാൾമെൻറ് കൊടുക്കുമ്പോൾ ഈ ഭൂമിയിൽ ചമയങ്ങൾ ഉണ്ടാക്കിയാൽ ആ ചമയവില ആയിരമോ, രണ്ടായിരമോ ഉറുപ്പിക ആയാൽ രണ്ടായിരം ഒരുമിച്ച് കെട്ടിവയ്ക്കാൻ കഴിയുകയില്ലല്ലോ. ഈ കാര്യത്തിൽ മന്ത്രിയുടെ ശ്രദ്ധ എന്റെ സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് ക്ഷണിച്ചിരുന്നു. അദ്ദേഹം ആ കാര്യത്തിൽ ഒരു മറുപടിയും പറഞ്ഞില്ല. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യം നടപ്പിൽവരുമ്പോൾ പാവപ്പെട്ടവർക്ക് വിഷമം ഉണ്ടാകുന്ന കാര്യമാണ്, മന്ത്രി ഇത് പരിഗണിക്കണം, ഈ വായനയിലെങ്കിലും എന്ന് പറയുകയാണ്. അതുപോലെതന്നെ ഇൻസ്റ്റാൾമെൻറിന്റെ കാര്യത്തിൽ ഡ്യൂ ഡേറ്റ് ഓഫ് ഇൻസ്റ്റാൾമെൻറ് എന്നു പറഞ്ഞു. അത് ആറുമാസമാക്കിയിട്ടുണ്ട്. അതിനു പകരമായിട്ട് ലാസ്റ്റ് ഡേറ്റ് ഓഫ് ദി ലാസ്റ്റ് ഇൻസ്റ്റാൾമെൻറ് എന്നാക്കിയാൽ പ്രയാസമൊന്നുമില്ല. അതുപോലെ ഈ ആദ്യത്തെ ആറുമാസത്തിനുള്ളിൽ അടച്ചില്ലെങ്കിൽ അയാൾക്ക് അവകാശങ്ങൾ പോകുമെന്നുള്ളതിനുപകരമായിട്ട് മൂന്നുകൊല്ലത്തിന്റെ അവസാനമെങ്കിലും വേണമെന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ നിയമം സംബന്ധിച്ച് 11 കൊല്ലത്തെ പലിശകൂടി പാട്ടക്കുടിശികയിൽ കെട്ടിവയ്ക്കണമെന്നാണ്. 11 കൊല്ലത്തെ പലിശ പാട്ടബാക്കിയിൽ കൂടുതൽവരും. അതുകൊണ്ട് ആ പലിശ വെട്ടിക്കുറയ്ക്കണമെന്നുള്ള ഞങ്ങളുടെ നിർദ്ദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നും പറഞ്ഞില്ല. എന്താണ് ഗവൺമെൻറിന്റെ നിലപാട് എന്ന് പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ക്ലാസ് എല്ലാം അംഗീകരിച്ചു കഴിഞ്ഞതിനുശേഷം.....

ശ്രീ. എം. പി. ഗംഗാധരൻ: ഒരു ബില്ല് അവതരിപ്പിച്ചാൽ, അത് അവതരിപ്പിക്കുന്ന സമയത്ത് ഈ പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടും അത് തിരുത്താതെ ബില്ലിന്റെ അന്തസ്സത്തയെ തകർക്കുന്ന ഏതെങ്കിലും പ്രൊവിഷനുണ്ടെങ്കിൽ മൂന്നാം വായനയിൽ അത് റെപ്രസൻറ് ചെയ്യും. പലിശയെ സംബന്ധിച്ചിടത്തോളം പതിനൊന്നു കൊല്ലം വലിയൊരു തുകവരും, അതിനാൽ ഈ ബില്ല് കൊണ്ട് കാര്യമില്ല. അതുകൊണ്ടാണ് പലിശ മുഴുവൻ വെട്ടിക്കുറയ്ക്കുകയോ അല്ലെങ്കിൽ ശതമാനമെങ്കിലും കുറയ്ക്കാൻ തയ്യാറാകുകയോ ചെയ്യണമെന്ന് ഈ മൂന്നാം വായനയിൽ പറയുന്നത്.

വനവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): ഇവിടെ മൂന്നാം വായന സമയത്തും നിർദ്ദേശങ്ങൾവന്നു. വളരെ സദുദ്ദേശത്തോടുകൂടിയാണ് ഞാൻ അതിനെ കാണുന്നത്, ശ്രീ. പി. കെ. ശങ്കരൻ കുട്ടി ഇവിടെ ഗഡുക്കളെ സംബന്ധിച്ച് പറഞ്ഞു. അത് വളരെ ഗൗരവമായി ആലോചിക്കേണ്ട പ്രശ്നംതന്നെയാണ്. അങ്ങനെ ബുദ്ധിമുട്ടുകളുണ്ടാവുകയാണെങ്കിൽ ഗവൺമെൻറ് അത് പരിശോധിക്കാം, പരിഹാരം കാണാം എന്നല്ലാതെ ഈ മൂന്നാം വായനസമയത്ത് അതിനപ്പുറത്തൊന്നും പറയാൻ എനിക്ക് ഒക്കുകയില്ല. ഏതായാലും ഒരു മൽസര ഓട്ടത്തിന് ഞാൻ തയ്യാറില്ല. കർഷകതാൽപര്യസംരക്ഷണത്തിനുവേണ്ടിയുള്ള പരിശ്രമത്തിൽ ശ്രീ. ഗംഗാധരനുമായിട്ടോ ശ്രീ. ദേവസ്സിക്കുട്ടിയുമായിട്ടോ ഒരു മൽസരയോട്ടത്തിന് ഞാൻ തയ്യാറില്ല. ഈ ബില്ല് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala Payment of Arrears of Rent in Instalments Bill, 1979, may be finally passed, was put and carried.

The motion was unanimously adopted and the Bill was finally passed.

(ii) 1979-ലെ കാണക്കുടിയായ്മ നിറുത്തലാക്കൽ (ഭേദഗതി) ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയായ്മ നിറുത്തലാക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

ശ്രീ. ബേബിജോൺ: ബില്ല് പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I second it.

ശ്രീ. ബേബിജോൺ: ഈ ബില്ലിന്റെ അവതരണസമയത്ത് ഒന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മിക്കവാറും എല്ലാം ഇതിന്റെ 'സ്റ്റേറ്റ് മെന്റ് ആഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ' വിശദീകരിച്ചിട്ടുണ്ട്. ഇത് വളരെയേറെ വാദപ്രതിവാദവും തർക്കവും ഉണ്ടാകുന്ന വിഷയ മാണെന്നും എനിക്കു തോന്നുന്നില്ല. ആമുഖമായി ഞാൻ ഒന്നും പറയു ന്നില്ല.

Sri N. I. Devassykutty: Sir, I move that the Kanam Tenancy Abolition (Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഒട്ടധികം പറയാനുള്ള സംഗതികളും ഈ ബില്ലിലില്ലാ എന്നുള്ളതിനോട് ഞാൻ യോജിക്കുന്നു. പൊതുവേയിട്ട് പാട്ടക്കുടിശ്ശികകാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ആമുഖമായ എല്ലാ കാര്യങ്ങളും ഈ ബില്ലിന്റെ കാര്യത്തിലും പാലിക്കപ്പെടണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ട്. പാട്ട ബാക്കിയെസംബന്ധിച്ച് പറഞ്ഞിട്ടുള്ള എല്ലാ അഭിപ്രായങ്ങളും ഈ കാണ ക്കുടിയാന്മാരുടെ ജന്മിക്കരക്കുടിശ്ശികയ്ക്കും ബാധകമാക്കണമെന്നു മാത്രമേ എനിക്ക് വിശദീകരിക്കുവാനുള്ളു. ഇതിൽ മന്ത്രി പറഞ്ഞിട്ടുണ്ട്, ഒരു കൊല്ലത്തെ കുടിശ്ശിക ഈ ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തി ഒരു കൊല്ലത്തിനുള്ളിൽ കെട്ടിവയ്ക്കണമെന്ന് നിബന്ധനയുണ്ടെന്ന്. മൂന്നുകൊല്ലത്തോളം കഴിഞ്ഞിട്ടും പല കൃഷിക്കാർക്കും അങ്ങനെ കെട്ടി വയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവരുടെ ഭൂമി ഒഴിപ്പിക്കു ന്നതിനുള്ള നടപടികളും ആരംഭിച്ചു. അതുകൊണ്ട് ഈ വരുന്ന ഡിസംബർ 31-ാം തീയതിവരെ ഈ പണം—കുടിശ്ശിക കെട്ടിവയ്ക്കുന്നതിനുള്ള സാവകാശം കൊടുക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അത് നല്ല കാര്യമാണ്. എങ്കിലും ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly